# ക്രൈസ്തവ വനിത

November - December 2020



A fundamental Christian bi-monthly publication of the women, by the women, for the family

2020
November - December

Volume XIII
Issue 6

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| ■ | നിങ്ങൾ എവിടേക്കാണ് പോകുന്നത്? | – മേരി അഞ്ചൻ | 1 |
| ■ | കുടുംബജീവിതം എങ്ങനെ ഭദ്രമാക്കാം? | – എൽസി ബേബി | 3 |
| ■ | സൗഖ്യദാതാവിനെ തേടിവന്നവർ | – എൽസി തോമസ് | 5 |
| ■ | ശമൂവേൽ എന്ന ബാലൻ | – മോളിക്കുട്ടി ചാക്കോ | 7 |
| ■ | വിഴുങ്ങുന്ന ശത്രുക്കൾ | – ജെസ്സി ബെൻസെൻ | 10 |
| ■ | ഞങ്ങളുടെ അമ്മച്ചി | – മേരി അഞ്ചൻ | 11 |
| ■ | കുടുംബബന്ധം പാവനമാണ് | – ഡോ. കുഞ്ഞുമോൻ ചാക്കോ | 13 |
| ■ | സഭയും പാതാള ഗോപുരങ്ങളും | – പാസ്റ്റർ എ. ജെ. ജോൺ | 15 |
| ■ | യേശുവിന്റെ ജനനം | – അന്നമ്മ സി. ജോൺ | 17 |
| ■ | യേശുക്രിസ്തു: ചില ചരിത്ര സത്യങ്ങൾ | – പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ | 19 |
| ■ | സെമ്പെർ ഫിഡെലിസ് | – ജോർജ് ജോൺ | 22 |
| ■ | ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക | – മഹേശ്വരി പുരന്ദരൻ | 24 |
| ■ | STAY SHARRP! FLEE FROM TEMPTATION | – Dr. Helen Abraham | 26 |
| ■ | സങ്കീർത്തനം 23 | – മേരി കുരവയ്ക്കൽ | കവർ 3 |
| ■ | Quest-74 | – | കവർ 4 |


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**

*For private circulation only*

Editorial Board

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**

Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2542870
E-mail: chasjohn@gnmindia.org
Mob: 9446548079

എഡിറ്റോറിയൽ

# നിങ്ങൾ എവിടേക്കാണ് പോകുന്നത്?



**ബി**ല്ലിഗ്രഹാമിന്റെ ഒരു യാത്രയയപ്പുയോഗത്തിൽ അദ്ദേഹം പ്രസംഗം ആരംഭിച്ചത് ആൽബർട്ട് ഐൻസ്റ്റിന്റെ (Albert Einstein) ഒരു സംഭവകഥയോടുകൂടെ ആയിരുന്നു. അദ്ദേഹം പ്രസിദ്ധ ജർമ്മൻ ഊർജ്ജതന്ത്രജ്ഞനും, അഭേദ്യാണു സിദ്ധാന്തം (atomic theory) കണ്ടുപിടിച്ച ആളും ആയിരുന്നു. പിൽക്കാലത്ത് ജപ്പാനിലെ ഹിരോഷിമാ, നാഗസാക്കി നഗരങ്ങളെ നിമിഷനേരത്തിൽ നിർമ്മൂലനം ചെയ്യാൻ അമേരിക്കയ്ക്കു സാധിച്ചത് അണുബോംബ് ഉപയോഗിച്ചാണല്ലോ. ലോകത്തിലെ അതിപ്രധാനശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായിരുന്ന ഐൻസ്റ്റിന് ജീവിതാന്ത്യത്തോടെ മറവിരോഗം ബാധിച്ചു. ഒരു ദിവസം തീവണ്ടിയാത്രാമദ്ധ്യേ ടിക്കറ്റ് ഇൻസ്പെക്ടർ വന്നപ്പോൾ അദ്ദേഹം നിലത്തു കുത്തിയിരുന്ന് ടിക്കറ്റു തിരയുകയായിരുന്നു. എന്റെ ടിക്കറ്റ് നഷ്ടപ്പെട്ടുപോയി, അതു തിരയുകയാണെന്ന് പറഞ്ഞു. ഇൻസ്പെക്ടർ, "സാർ, നിങ്ങൾ ആരെന്ന് എനിക്കറിയാം. ടിക്കറ്റില്ലാതെ യാത്ര ചെയ്കയില്ല എന്നെനിക്കറിയാം" എന്നു പ്രതിവചിച്ചു. എന്നാൽ ഐൻസ്റ്റിന്റെ പ്രശ്നം അതായിരുന്നില്ല. എവിടേക്കാണ് പോകുന്നതെന്ന് മറന്നുപോയിരുന്നു. കൂടാതെ ടിക്കറ്റ് എവിടെയാണ് എന്നും മറന്നുപോയി. എന്നാൽ താൻ എവിടേക്കാണ് പോകുന്നതെന്ന് തനിക്കു നിശ്ചയമുണ്ട് എന്നു ബില്ലിഗ്രഹാം കൂട്ടിച്ചേർത്തു.

വീടുവിട്ട് ഒരു ലക്ഷ്യവുമില്ലാതെ തീവണ്ടി കയറിയ ചിത്ര എന്ന പതിമൂന്നുകാരിയുടെ അനുഭവകഥ ഈയിടെ എന്റെ സഹോദരൻ ചാൾസ് എനിക്കയച്ചുതന്നു. ടിക്കറ്റു പരിശോധിക്കാൻ ഇൻസ്പെക്ടർ വന്നപ്പോൾ കുട്ടി സീറ്റിനടിയിൽ ഒളിക്കാൻ ശ്രമിച്ചു. അവൾക്ക് ടിക്കറ്റു ഇല്ലായിരുന്നു എന്നു മാത്രമല്ല എവിടേക്കാണ് പോകുന്നതെന്നും അറിഞ്ഞുകൂടായിരുന്നു. സഹയാത്രികയായ ഒരു സന്മനസിന്റെ ഉടമ കുട്ടിക്കു ടിക്കറ്റു നല്കുകയും അവളെ കൂട്ടിക്കൊണ്ടുപോയി ഒരു സന്നദ്ധസംഘടനയ്ക്കു കൈമാറുകയും ചെയ്തു. അവരുടെ മാർഗ്ഗദർശനം സ്വീകരിച്ചതിനാൽ ആ പെൺകുട്ടി പില്ക്കാലത്ത് ഒരു വിശ്വപ്രസിദ്ധപ്രസ്ഥാനത്തിന്റെ ഉടമയുടെ ഭാര്യ ആയിത്തീർന്നു. കൂടാതെ, അവൾ വിദ്യാസമ്പന്നയും സ്വന്തം സ്ഥാപനത്തിനുപുറമെ മറ്റനേകം സ്ഥാപനങ്ങൾക്ക് ചുക്കാൻ പിടിക്കത്തക്ക സമർത്ഥയും അനേകം സ്ത്രീകൾക്കും യുവതികൾക്കും മാതൃകയായിത്തീരുകയും ചെയ്തു.

നമ്മുടെ ജീവിതം ഒരു തീവണ്ടിയാത്രയ്ക്കു തുല്യമാണ്. ജീവിതാരംഭത്തിൽ നമ്മുടെ സഹയാത്രികർ മാതാപിതാക്കളും സഹോദരങ്ങളുമാണ്. അനന്തരം സ്നേഹിതരും, അപരിചിതരും എല്ലാം യാത്രാമദ്ധ്യേ നമ്മോടു യോജിക്കുന്നു. എന്നാൽ യാത്രാമദ്ധ്യേ അനേകരും അപ്രത്യക്ഷരാകുന്ന വേദനാജനകമായ സംഭവങ്ങളും അനുഭവിക്കേണ്ടതായി വരും. ആനന്ദതുന്ദിലമായ ദിനങ്ങളും നമ്മെ ആശ്ലേഷിക്കുന്നു. ചിലപ്പോൾ നമ്മുടെ യാത്രയും പെട്ടെന്ന് അവസാനിച്ചേക്കാം. എന്നാൽ അതിപ്രധാനമായ വിഷയം നാം എവിടേക്കു പോകുന്നു എന്ന് നമുക്ക് നിശ്ചയമുണ്ടായിരിക്കണം. യാത്രയുടെ അന്ത്യം

കുറിക്കുന്നത് എപ്പോഴാണെന്ന് അറിയാത്തതിനാൽ ഈ തീരുമാനം മാറ്റി വയ്ക്കാൻ പാടില്ല. പ്രതിവർഷാവസാനത്തിൽ നാം ചില നൂതന തീരുമാനങ്ങൾ ചെയ്യാറുണ്ട്. കാലക്രമേണ അവയിൽ പലതും സ്മൃതിപഥത്തിൽ നിന്നും മാഞ്ഞു പോകാറുണ്ട്. കഴിഞ്ഞ വർഷാവസാനം 2020 എന്ന ആകർഷണീയമായ പുതുപുലരി കാത്തവരാണ് നാം എല്ലാവരും. അനവധി പുതിയ പ്രതീക്ഷകളുടെ, സങ്കല്പ ലോകം പടുത്തുയർത്തി, അനേക വിദ്യാർത്ഥികൾ ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും സ്വപ്നം കണ്ടു. വിവാഹനിശ്ചയം കഴിഞ്ഞ യുവതീയുവാക്കൾ തങ്ങളുടെ ഭാവിയെക്കുറിച്ചുള്ള മധുരസ്വപ്നങ്ങൾ കണ്ടു. മാതാപിതാക്കൾ അവരുടേതായ പ്രതീക്ഷകളിലും പുതുവത്സരത്തെ കാത്തിരുന്നു!

പെട്ടെന്നാണ് അതു സംഭവിച്ചത്! മനുഷ്യദൃഷ്ടിക്കു ഗോചരമല്ലാത്ത കോവിഡ് - 19 എന്നറിയപ്പെടുന്ന കൊറോണ എന്ന ചെറു വൈറസ് എവിടെനിന്നോ കടന്നു വന്ന് ലക്ഷക്കണക്കിന് ജീവൻ അപഹരിക്കുവാൻ ആരംഭിച്ചു! വൈദ്യശാസ്ത്രത്തിനും, ഗവേഷകർക്കും, ഊർജ്ജതന്ത്രജ്ഞന്മാർക്കും ആർക്കും തന്നെ അതിനെ പ്രതിരോധിക്കുവാൻ കഴിവില്ലാതെ നിസ്സഹായരായി നില്ക്കുന്നു. ദരിദ്രന്റെ കുടിലിലും, രാജകൊട്ടാരങ്ങളിലും, ഭരണകൂടങ്ങളുടെ മണിമാളികകളിലും കോവിഡ്-19 കയറി നിഷ്ക്കരുണം ആക്രമിച്ചു കഴിഞ്ഞു. പുതിയ സംവത്സരത്തിലേക്ക് നമുക്കു കടക്കുവാൻ കഴിയുമോ എന്നറിയുന്നില്ല. 2020 എന്ന ആകർഷണീയമായ ഒരു വർഷം മനുഷ്യനെ നിഷ്ക്രിയനാക്കി. മനുഷ്യൻ പ്രവർത്തനരഹിതനും നിശ്ചലനുമായി. ഏതു നിമിഷവും കോവിഡ് 19-ൽ നിന്നും നാം സുരക്ഷിതരല്ലാത്ത അവസ്ഥ! സർവ്വലോകവും നിസ്സഹായതയിൽ പകെച്ചു നില്ക്കുന്ന ഈ സന്ദർഭത്തിൽ നമുക്ക് സാന്ത്വനം ഏകുന്ന ഒരേ ഒരു മാർഗ്ഗം മാത്രമാണുള്ളത്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ (ദൈവത്തിന്റെ) അടുക്കൽ എത്തുന്നില്ല (യോഹ. 14:6).

പ്രിയമുള്ളവരേ, ഇതുവായിക്കുന്ന നിങ്ങൾ എവിടേക്കാണ് പോകുന്നതെന്ന നിശ്ചയം പ്രാപിച്ചിട്ടുണ്ടോ? നിത്യനാശത്തിലേക്കെത്തിച്ചേരുന്ന വിശാലമായതും, ലോകപ്രകാരം ആകർഷണീയമായതുമായ മാർഗ്ഗവും നിത്യജീവങ്കലേക്കുള്ള ഇടുക്കവും ഞെരുക്കവുമുള്ള പാതകളും നിങ്ങളുടെ മുമ്പാകെ ഉണ്ട്. ഇതുവരെയും തീരുമാനമെടുത്തിട്ടില്ലെങ്കിൽ ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം (2 കൊരി. 6:2). അടുത്ത നിമിഷം നമുക്കു ലഭിച്ചില്ലെന്നു വന്നേക്കാം.

സമയം തക്കത്തിൽ ഉപയോഗിച്ച് എവിടേക്കാണു പോകുന്നതെന്നുള്ള നിശ്ചയത്തോടെ ലക്ഷ്യത്തിലേക്ക് മുന്നേറാൻ കർത്താവു കൃപ നല്കട്ടെ.

മേരി അഞ്ചൻ, തുംകൂർ
ചീഫ് എഡിറ്റർ

**Quest -73 ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ**

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
2. ഗ്രെയ്സി ഫിലിപ്പ്, തൈക്കാട്, തിരുവനന്തപുരം
3. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
4. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
5. ലതാ രവി, ബോംഗേഗാവ്, ആസ്സാം
6. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
7. മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ
8. സി. എം. മാമ്മൻ, അണുശക്തി നഗർ, മുംബെ

Quest 73 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ

# കുടുംബജീവിതം എങ്ങനെ ഭദ്രമാക്കാം?

എൽസി ബേബി, ന്യൂ യോർക്ക്



വിവാഹജീവിതവും, കുടുംബങ്ങളും, പൂർവ്വാധികം തകർന്നു പിളർന്നുകൊണ്ടിരിക്കുന്ന ഒരു ദുഷ്കാലത്താണ് നാം എത്തിചേർന്നിരിക്കുന്നതെന്ന് വിസ്മരിക്കാവതല്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? "സന്തുഷ്ട കുടുംബം" തകർക്കുക എന്നതു ദൈവവിരോധിയായ സാത്താന്റെ പദ്ധതിയാകുന്നു. 'വിവാഹം' എന്ന പരിശുദ്ധ കൂദാശ ദൈവം ആദിയിൽ ഏദെൻ പറുദീസായിൽ അടിസ്ഥാനമിട്ട് ആരംഭിച്ചത് പുരുഷനും, സ്ത്രീയും, ഒന്നിച്ചുചേർന്ന്, സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവാനായിരുന്നല്ലോ. ആദിയിൽ ദൈവം പുരുഷനെ സൃഷ്ടിച്ചു. അവൻ ഏകനായിരിക്കുന്നതു നന്നല്ല, അവനു സഹായിയായിരിപ്പാൻ തക്കതുണയായി ഒരു സ്ത്രീ വേണമെന്നു തീരുമാനിച്ച് അവനിൽ നിന്നുതന്നെ ഒരു സ്ത്രീയെ സൃഷ്ടിച്ചത് ദൈവത്തിന്റെ സദുദ്ദേശ്യമായിരുന്നു. അവരിൽ നിന്നും നല്ല തലമുറകൾ ഉണ്ടാകണം. അവരുമായി സ്നേഹം പങ്കുവയ്ക്കണം; കൂട്ടായ്മ ആചരിക്കണം. ഇതൊക്കെ ആയിരുന്നു പരിശുദ്ധ ദൈവിക പ്ലാനും പദ്ധതിയും. സാത്താൻ അതു തകർത്തെങ്കിലും കരുണാസമ്പന്നനായ ദൈവം മനുഷ്യരെ കൈവിട്ടില്ല. ഇന്നും ദൈവം തന്റെ പ്ലാനും പദ്ധതിയും തുടർന്നുകൊണ്ടിരിക്കയാകുന്നു. ഒരു സന്തുഷ്ടകുടുംബത്തിന്റെ അടിസ്ഥാനം "ഏതുപുരുഷന്റേയും തല ക്രിസ്തു. സ്ത്രീയുടെ തല പുരുഷൻ. ക്രിസ്തുവിന്റെ തല ദൈവം" എന്ന ശക്തിയേറിയ ബന്ധമാകുന്നു. അതായത് ഒരു പുരുഷനും സ്ത്രീയും തമ്മിൽ വിവാഹിതരാകുമ്പോൾ അവരെ തമ്മിൽ യോജിപ്പിക്കുന്ന ശക്തി ദൈവമാകുന്നു. "മുപ്പിരിചരടുപോലെ ഭാര്യയും ഭർത്താവും ദൈവവും ചേർന്ന് ആരംഭിക്കുന്ന വിവാഹജീവിതം വേർപിരിക്കാനാകാത്ത ബന്ധമാക്കി തീർക്കുന്നത് അദൃശ്യനായ ദൈവം തന്നെയാകുന്നു. അവർ എടുക്കുന്ന ഏതു തീരുമാനങ്ങളും, പദ്ധതികളും, ദൈവത്തിന്റെ അറിവോടും, അനുവാദത്തോടും കൂടെ ആയിരിക്കണം. ഈ തത്ത്വം വിവാഹിതരാകുന്നതിനു മുമ്പേ തന്നെ യുവതീയുവാക്കളെ പഠിപ്പിച്ചിരിക്കണം. ദൈവത്തെ അകറ്റി നിർത്തിക്കൊണ്ടുള്ള ജീവിതവും, തീരുമാനങ്ങളും, തകർന്നു പോകും. അങ്ങനെ തകർക്കുവാനുള്ളതല്ല ദൈവം കൂട്ടിയോജിപ്പിക്കുന്ന വിവാഹ ജീവിതം! വിവാഹജീവിതത്തിന്റെയും ഭാര്യാഭർത്തൃ ജീവിതബന്ധത്തിന്റെയും കുടുംബജീവിതത്തിന്റെയും, മാഹാത്മ്യവും, പരിശുദ്ധിയും, ഗൗരവങ്ങളും, യുവതീയുവാക്കന്മാരെ പറഞ്ഞു പഠിപ്പിച്ചു വേണം അവരെ വിവാഹജീവിതത്തിലേക്ക് പ്രവേശിപ്പിക്കുവാൻ. ഈ വിഷയങ്ങളിൽ വന്നു ചേർന്നിട്ടുള്ള പാകപ്പിഴകളാണ് ഇന്നു നാം കാണുന്ന വിവാഹമോചനങ്ങളും, കുടുംബത്തകർച്ചകളും. കുടുംബജീവിതത്തിന്റെ അടിസ്ഥാനം, ദൈവം കൂട്ടിയോജിപ്പിക്കുന്ന സ്ത്രീപുരുഷബന്ധമാകുന്ന വിവാഹമാണല്ലോ. ഇന്ന് ദൈവിക സഹായമോ ദൈവഹിതമോ ആരായാതെ മാതാപിതാക്കളും, യുവതിയുവാക്കളും തമ്മിൽ തമ്മിൽ ആലോചിച്ചും തീരുമാനിച്ചും നടക്കുന്ന വിവാഹങ്ങളാണ് മിക്കതും. ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച യുവതീയുവാക്കളുടെ വിവാഹം പിതാവായ ദൈവമാണ് തീരുമാനി

ക്കേണ്ടതും നടത്തേണ്ടതും. അതിന്നു വിപരീതമായി അയോഗ്യമായ ഇണയല്ലാപ്പിണകളും, ധനം, വിദ്യാഭ്യാസം, ഉദ്യോഗം, സൗന്ദര്യം ഇങ്ങനെയുള്ള ഭൗതിക, ലൗകിക വിഷയങ്ങൾക്കു പ്രാധാന്യം നല്കി ദൈവഹിതപ്രകാരമല്ലാത്ത വിവാഹങ്ങളല്ലേ നമ്മുടെയൊക്കെ ഇടയിൽ നടക്കുന്നത്? അതുകൊണ്ടു തന്നെയാണ് ക്രമാതീതമായ ആഡംബരങ്ങളോടും, ആർഭാടങ്ങളോടും, അയോഗ്യങ്ങളായ ആചാരാനുഷ്ഠാനങ്ങളോടും അനാവശ്യമായ ചടങ്ങുകളോടും കൂടെ നടക്കുന്ന വിവാഹങ്ങൾ ഏറെ താമസിയാതെ തകർന്നും, പിണങ്ങിപ്പിരിഞ്ഞും, വിവാഹമോചനങ്ങളിൽ ചെന്നവസാനിക്കുന്നത്. പണ്ട് അങ്ങനെയൊന്നും ആയിരുന്നില്ല. ജാതികളിലും അവിശ്വാസികളിൽപോലും നടപ്പില്ലാത്ത വേഷഭൂഷാദികളും, ആർഭാടങ്ങളും, അയോഗ്യങ്ങളായ വിനോദങ്ങളും മറ്റും, ദൈവമക്കളുടെ വിവാഹങ്ങളിൽ സ്ഥാനം പിടിച്ചിരിക്കുന്നത് പിശാചിന്റെ തന്ത്രങ്ങളായ ''ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം" എന്ന കെണികളാണെന്നു മനസ്സിലാക്കാതെയുള്ള ബുദ്ധിശൂന്യങ്ങളായ മൗഢ്യാചാരങ്ങൾ. അതൊക്കെ കഴിഞ്ഞ് യഥാർത്ഥഭാര്യാഭർത്തൃബന്ധത്തിലേക്കു പ്രവേശിക്കുന്ന യുവതിയുവാക്കളെ പിശാചു തന്റെ വശത്താക്കുന്നു. ദൈവമില്ലാത്ത വിവാഹബന്ധങ്ങളിൽ പിശാചു സ്ഥാനം പിടിച്ചാൽ, അഥവാ പിശാചിന് ഇടം കൊടുത്താൻ അവൻ പിന്നെ തകർത്തു മുടിച്ചു നശിപ്പിച്ചുകളയാതിരിക്കുമോ? ഇങ്ങനെയുള്ള വിപത്തുകളെ മുൻകണ്ടും കരുതിയും വേണം വിവാഹങ്ങൾ നടത്തേണ്ടത്.

വിവാഹ സമയം യുവതീയുവാക്കന്മാർ ദൈവസന്നിധിയിൽ ദൈവത്തെയും സദസ്സിനെയും സാക്ഷി നിർത്തി എടുക്കുന്ന "ഉഭയസമ്മതത്തിന്റെ" ഗൗരവം എത്രയെന്ന് യുവതീയുവാക്കന്മാർ നല്ലതുപോലെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതുകേവലം, പുരോഹിതനോ, പാസ്റ്ററോ, സഭാശുശ്രൂഷകനോ ചൊല്ലിക്കൊടുത്ത് ഏറ്റുപറയുന്ന ഒരു ചടങ്ങായിമാത്രം കാണരുത്. പരിശുദ്ധനും, സർവ്വാധികാരിയും, സർവ്വശക്തനുമായ ദൈവത്തിന്റെ സന്നിധിയിൽ എടുക്കുന്ന ഗൗരവമേറിയ വ്രതമാകുന്നു. ജീവിതാന്ത്യംവരെ മരണം വേർപിരിക്കുംവരെ, കൃത്യമായും, വീഴ്ചകൂടാതെയും, വിഘ്നം വരുത്താതെയും പാലിക്കേണ്ട വ്രതം! ഉഭയസമ്മതം! വിവാഹം കഴിഞ്ഞ് കുടുംബജീവിതത്തിലേക്കു പ്രവേശിച്ചു കഴിഞ്ഞാൽ ദിനം തോറും ഭാര്യയും ഭർത്താവും അതിരാവിലെ എഴുന്നേറ്റു മാനുഷമുഖം കാണുന്നതിനു മുമ്പ് പ്രാർത്ഥിച്ച് തങ്ങൾ എടുത്ത 'ഉഭയസമ്മതം' ആവർത്തിച്ചു പറഞ്ഞു കർത്തൃസന്നിധിയിൽ സ്വയം സമർപ്പിച്ചിട്ടുവേണം പുറത്തുവരുവാനും ദിനചര്യകൾ ആരംഭിക്കുവാനും. തിരുവചനവായന, പഠനം, ധ്യാനം, പ്രാർത്ഥന ഇവ യാതൊരു കാരണവശാലും മുടങ്ങാൻ പാടില്ല. അതുപോലെ തന്നെ രാത്രിയിൽ കിടക്കുന്നതിനു മുമ്പ് ഒന്നിച്ച് പ്രാർത്ഥിച്ച് സമർപ്പിച്ച്. അന്യോന്യം ഹൃദയം തുറന്നു പറയേണ്ടതെല്ലാം പറഞ്ഞതിനു ശേഷം മാത്രം ഉറങ്ങുക. ഇതു ദിനംതോറും പാലിച്ചാൽ പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാം. ഇതല്ലാതെ പാലിക്കേണ്ട പല വസ്തുതകളുണ്ട്. അവയൊന്നും വിസ്തരിക്കുന്നില്ല. കുടുംബജീവിതത്തിന്റെ ഭദ്രത ഭാര്യയും ഭർത്താവും, കർത്തൃസന്നിധിയിൽ എടുക്കുന്ന ഉഭയസമ്മതത്തിന്റെ അടിസ്ഥാനത്തെ ആശ്രയിച്ചായിരിക്കും എന്നോർക്കുക. രണ്ടു സാഹചര്യങ്ങളിൽ ജനിച്ചു വളർന്ന് ഭിന്നസ്വഭാവങ്ങളുള്ള രണ്ടു വ്യക്തികൾ ഒന്നിച്ചു ചേർന്ന് ആരംഭിക്കുന്ന വിവാഹജീവിതത്തിൽ അദൃശ്യനായ ദൈവിക സാന്നിദ്ധ്യമുണ്ടായിരിക്കണം. ദൈവഹിതപ്രകാരമല്ലാത്ത യാതൊന്നും തങ്ങളുടെ ജീവിതത്തിൽ പാടില്ല എന്ന വ്യവസ്ഥയും ഉണ്ടായിരിക്കണം. വിവാഹിതരാകുന്നതിനു മുമ്പു തന്നെ ഈ പത്ഥ്യോപദേശം യുവതീയുവാക്കളെ പഠിപ്പിച്ചിരിക്കണം. ദൈവഹിതപ്രകാരം ദൈവത്താൽ കൂട്ടിയോജിപ്പിക്കുന്ന വിവാഹം തകർക്കുവാൻ ഒരു ശക്തിക്കും സാദ്ധ്യമല്ല. അങ്ങനെയുള്ള സന്തുഷ്ടകുടുംബങ്ങൾക്കായി പ്രാർത്ഥിക്കാം. പ്രവർത്തിക്കാം. ❑

# സൗഖ്യദാതാവിനെ തേടിവന്നവൾ



എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ

**വി**ശുദ്ധവേദപുസ്തകത്തിൽ മത്തായി സുവിശേഷം 15:21-28 വരെയുള്ള ഭാഗങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു. "യേശു അവിടം വിട്ടു സോർ-സീദോൻ എന്ന പ്രദേശങ്ങളിലേക്ക് വാങ്ങിപ്പോയി. ആ ദേശത്തു നിന്ന് ഒരു കനാന്യസ്ത്രീവന്നു അവനോടു കർത്താവേ, ദാവീദു പുത്രാ, എന്നോടു കരുണ തോന്നേണമേ; എന്റെ മകൾക്ക് ഭൂതോപദ്രവം കഠിനമായിരിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു. അവൻ അവളോട് ഒരു വാക്കും ഉത്തരം പറഞ്ഞില്ല; അവന്റെ ശിഷ്യന്മാർ അടുക്കെ വന്നു: അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ടു വരുന്നു; അവളെ പറഞ്ഞയക്കേണമേ എന്ന് അവനോട് അപേക്ഷിച്ചു."

ഈ പ്രസക്ത ഭാഗങ്ങളിൽ ഉദ്ധരിച്ചിരിക്കുന്ന യേശുവിന്റെ മറുപടികൾ വളരെ ശ്രദ്ധേയമാണ്.

ഇവിടെ മാനുഷിക ബുദ്ധിക്കും യുക്തിക്കും വിഭാവനം ചെയ്യാൻ കഴിയാത്ത അത്യുന്നതനായ ദൈവത്തിന്റെ അത്ഭുതങ്ങളും ശക്തിയും മഹത്ത്വവും സ്വന്തജീവിതത്തിൽ രുചിച്ചറിഞ്ഞ ശിഷ്യന്മാർ യേശുവിന്റെ നിസ്സംഗതയിൽ പെട്ടെന്ന് നിരാശരായി. ഇത്രമാത്രം വേദനയനുഭവിച്ച് ദയയ്ക്കായി തന്റെ മുമ്പിൽ വീണു കിടക്കുന്ന ഈ കനാന്യസ്ത്രീയോട് എന്തുകൊണ്ടാണ് ഇങ്ങനെ ഇടപെട്ടത്. എന്നാൽ മറ്റനേകം സന്ദർഭങ്ങളിൽ തന്റെയടുത്തു വരുന്നവരെ എത്രപെട്ടെന്നാണ് യേശു സഹായിച്ചിട്ടുള്ളത്. 15 -ന്റെ 24- ൽ യേശുവിന്റെ മറുപടി തന്റെ ശിഷ്യന്മാരെ ആശ്ചര്യപ്പെടുത്തിയതായി കാണാം. തുടർന്ന് 15:26 ൽ വീണ്ടും അവളുടെ സഹായ അഭ്യർത്ഥനയ്ക്കു മുമ്പിൽ അവളുടെ നിസ്സാരതയും ഒന്നുമില്ലായ്മയും ഒന്നുകൂടി ഓർമ്മിപ്പിക്കുന്നതായി കാണാം. തുടർന്നുള്ള ഭാഗങ്ങളിൽ യേശുവിന്റെ മറുപടി വളരെ ശ്രദ്ധേയമാണ് 'മക്കളുടെ അപ്പം നായ്ക്കുട്ടികൾക്ക് കൊടുക്കുന്നത് നന്നല്ലായെന്നു ഉത്തരം പറഞ്ഞു". 15:27 ൽ താഴ്മയോടുകൂടിയ അവളുടെ ഉത്തരവും വളരെ ശ്രദ്ധേയമാണ്. ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന അപ്പനുറുക്കുകൾ നായ്ക്കുട്ടികളും തിന്നുന്നുണ്ടല്ലോ.

മറ്റുള്ളവരുടെ മുമ്പിൽ എത്ര ഹീനയാണെങ്കിലും യേശുവിന്റെ മറുപടിയിൽ അവൾ നിരാശപ്പെട്ടില്ല. മക്കളുടെ അപ്പത്തിനായി അവൾ താല്പര്യം കാണിച്ചില്ല. മറിച്ച് മക്കളുടെ മേശയിൽനിന്നു വീഴുന്ന അപ്പനുറുക്കിലും അവൾ സംതൃപ്തയാണെന്ന് കർത്താവിനോടറിയിക്കുന്നു. ഇവിടെ വിവേകത്തോടും വിശ്വാസത്തോടുമുള്ള അവളുടെ മറുപടിയിൽ യേശു ഇപ്രകാരം അവളോടു പറയുന്നു. "സ്ത്രീയേ നിന്റെ വിശ്വാസം വലിയതു നിന്റെയിഷ്ടം പോലെ ഭവിക്കട്ടെ".

എന്നാൽ സ്വർഗ്ഗീയഭോജനം കഴിക്കുന്ന യഹൂദന്മാർ പിറുപിറുപ്പുകാരും അഹങ്കാരികളും കപടഭക്തിക്കാരുമായി മാറിയപ്പോൾ വിദൂരതയിൽ നായ്ക്കളുടെ സ്ഥാനത്ത് മാത്രം നിന്നവളായ ഈ കനാന്യസ്ത്രീ എത്ര നന്ദിയോടും താഴ്മയോടും കൂടിയാണ് യജമാനന്റെ മേശയിൽ നിന്നും വീഴുന്ന അപ്പനുറുക്കുകൾ അനുഭവിക്കാൻ തയ്യാറായി മുന്നോട്ടുവന്നത്. എന്നാൽ യേശു കേവലം അപ്പനുറുക്കുകളല്ല അവൾക്കു നല്കിയത്. പൂർണ്ണമായ ഒരനുഗ്രഹമാണ് നല്കിയത്. തന്നെയന്വേഷിക്കുന്നവർക്ക് അമർത്തി കുലുക്കി കവിയുവോളം കൊടുക്കുവാൻ മനസ്സുള്ള കരുണാസമ്പന്നനായ കർത്താവിനെയാണ് ഇവിടെ കാണുവാൻ കഴിയുന്നത്.

ഈ കനാന്യസ്ത്രീയുടെ പശ്ചാത്തലം ഒന്നു ശ്രദ്ധിച്ചാൽ ബാൽവിഗ്രഹങ്ങളെ സേവിച്ച് ജാതീയ മ്ലേച്ഛത പിൻപറ്റി ജീവിച്ചിരുന്നവൾ. മകളുടെ ഭൂതബാധനിമിത്തം കടുത്ത ദുഃഖത്തിലും നിരാശയിലും കഴിഞ്ഞവൾ. ആ കാലഘട്ട

ത്തിൽ നായ്ക്കൾക്ക് സമാനം ജീവിക്കാൻ വിധിക്കപ്പെട്ടവൾ.

ഇതിന്റെ മദ്ധ്യത്തിലും അവൾ യേശുവിനെക്കുറിച്ച് കേട്ടറിഞ്ഞു. അന്യജാതിയിൽപ്പെട്ടവളും, യിസ്രായേൽ പൗരത്വത്തോട് ബന്ധമില്ലാത്തവളുമായ അവൾ യേശുവിന്റെ മഹത്ത്വവും പരമാധികാരവും തിരിച്ചറിഞ്ഞു. സങ്കീ. 76:1. സകല ജാതികളുടെയും മദ്ധ്യത്തിൽ അവന്റെ നാമം ശ്രേഷ്ഠമാണ്. നിലവിളിക്കു മുന്നിൽ നില്ക്കുന്നവൻ. ഈ അറിവാണ് കടുത്ത പ്രതിസന്ധികൾക്കിടയിലൂടെ ജാതീയ പരമായ അതിർവരമ്പുകളെ തകർത്ത് യേശുവിന്നരികിലേക്ക് വരുവാൻ അവളെ പ്രേരിപ്പിച്ചത്. തന്നെയുമല്ല യേശുവിന്നരികെ വരുന്നതു മുഖാന്തരം സഹിക്കേണ്ടിവരുന്ന ഭവിഷ്യത്തുകളോ യേശുവിൽ നിന്നു വരുന്ന പ്രതികരണമോ ഓർത്തു ഭയപ്പെടാതെയാണ് സൗഖ്യദായകന്റെ പാദത്തിങ്കലണയുന്നത്.

എന്നാൽ ഇതിൽ നിന്നും നമ്മെ ഓർമ്മപ്പെടുത്തുന്ന ഒരു വസ്തുത സാമൂഹ്യവിലക്കുകളെ ഭയപ്പെടാതെ യേശുവിന്നരികിലേക്ക് വരുന്നവർക്കാണ് സൗഖ്യവും സമാധാനവും സാന്ത്വനവും സ്വായത്തമാക്കുവാൻ കഴിയുകയുള്ളുവെന്ന് കനാന്യസ്ത്രീയിലൂടെ നമുക്കു കാണിച്ചുതരുന്നു. നാം ഇവിടെ അവളിൽ കാണുന്ന വിശ്വാസം ആലങ്കാരിക ഭാവമല്ല. പ്രത്യുത ദൈവത്തിലും അവന്റെ പുത്രനായ യേശുക്രിസ്തുവിലും ഉള്ള സമ്പൂർണ്ണ വിശ്വാസത്തിന്റെ പ്രകടനമാണവൾ യേശുവിന്റെ പാദത്തിങ്കൽ വീണു നിലവിളിച്ചത്.

പ്രിയപ്പെട്ടവരേ, ഈ കാലഘട്ടത്തിലും ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തെയും വിശ്വാസത്തെയും വിശ്വസ്തതയെയും പരിശോധിക്കുവാൻ നമ്മിൽ ചില തകർച്ചകൾ വേദനകൾ, വേർപാടുകൾ, ഒറ്റപ്പെടുത്തലുകൾ, എല്ലാവരാലും ഉപേക്ഷിക്കപ്പെടുന്ന വേളകൾ ജീവിതത്തിൽ അനുവദിച്ചേക്കാം.- എന്നാൽ ദൈവം പ്രാഥമിക ഘട്ടങ്ങളിൽ മൗനമായിരുന്നേക്കാം. അനുവാദം നിഷേധിച്ചേക്കാം. എന്നാൽ സർവ്വശക്തനായ ദൈവത്തോടുള്ള നമ്മുടെ നിർവ്യാജമായ സ്നേഹത്തിൽ നിന്നും ഉരുത്തിരിയുന്ന നിർബന്ധമായ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ നമ്മെ അനുവദിക്കുക മാത്രമല്ല അനുഗ്രഹിക്കുകയും ചെയ്യുമെന്ന് കനാന്യസ്ത്രീയിലൂടെ വേദപുസ്തകം ചൂണ്ടിക്കാണിക്കുന്നു.

ഈ കാലഘട്ടത്തിൽ ക്രിസ്തു അനുയായികൾ എന്നു പറയുന്നവർ മതഭക്തരായിക്കൊണ്ടിരിക്കുന്നു. ക്രിസ്തുവിനുവേണ്ടി വേർതിരിക്കപ്പെട്ടവർ ലോകയിമ്പമോഹങ്ങൾക്കധീനരായിത്തീർന്നുകൊണ്ടിരിക്കുന്നു. തിരുവചനത്തിൽ യെശയ്യ. 29:13 ലൂടെ ദൈവം പറയുന്നു ''ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു. എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽ നിന്നും ദൂരത്തു അകറ്റി വച്ചിരിക്കുന്നു".

ദൈവത്തിൽ നിന്നും ദൈവവചനത്തിൽ നിന്നുമകന്നു ലോകയിമ്പങ്ങൾക്കധീനരായി നടക്കുന്ന നമ്മോട് ദൈവം മത്തായി 8:11 ലൂടെ അസന്ദിഗ്ദ്ധമായി പറയുന്നു 'കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രാഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും. രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്ക് തള്ളിക്കളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും".

പ്രിയമുള്ളവരേ, സ്വർഗ്ഗീയഭോജനം കഴിക്കുന്ന യഹൂദന്മാർ പിറുപിറുപ്പുകാരും അഹങ്കാരികളും കപടഭക്തിക്കാരുമായി മാറിയതുപോലെയല്ലേ ഇന്ന് നാമും ദൈവത്തെയറിഞ്ഞുവെന്നു പറയുകയും പ്രവൃത്തിയില്ലാതെ എപ്പോഴും ദൈവത്തെ ക്രൂശിക്കുന്നവരുമായിത്തീർന്നില്ലേ? നമുക്കു തന്നെ ഒന്നു ശോധന ചെയ്യാം. നമുക്കു മടങ്ങിവരാം. ഒരു ഭക്തൻ ഇപ്രകാരം പാടി :-

"പാപാന്ധകാരത്തിൽ കഴിയുന്നോരേ
രോഗങ്ങളാൽ മനം തകർന്നവരേ
നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ
എന്നെന്നും മതിയായവ."

പാപത്തിന്റെ അന്ധകാരത്തിൽ നിന്നു നമുക്കു മടങ്ങിവരാം. നമ്മെത്തേടി യേശു വന്നിട്ടുണ്ട്. (എന്നെ) രക്ഷിക്കുവാൻ കഴിയുന്നവൻ ഓരോ ദിവസവും നമുക്കും കുഞ്ഞാടിന്റെ രക്തത്തിൽ നമ്മുടെയങ്കി കഴുകി വെളുപ്പിച്ച് തിരുസന്നിധിയിൽ നില്ക്കാൻ സർവ്വകൃപാലുവായ കർത്താവ് നമ്മെ ഓരോരുത്തരെയും സഹായിക്കയും അനുഗ്രഹിക്കുകയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു. ❑

# ശമൂവേൽ എന്ന ബാലൻ

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



എഫ്രയീം മലനാട്ടിലെ രാമാഥയീം-സോഫീമിൽ എല്ക്കാനാ എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു; എല്ക്കാനെക്കു രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു; ഒരുത്തിക്കു ഹന്നാ എന്നും മറ്റേവൾക്കു പെനിന്നാ എന്നും പേർ; പെനിന്നെക്കു മക്കൾ ഉണ്ടായിരുന്നു. ഹന്നെക്കോ മക്കൾ ഇല്ലായിരുന്നു. ഹന്നാ ശീലോവിൽ യഹോവയുടെ ആലയത്തിൽ ചെന്ന് മനോവ്യസനത്തോടെ യഹോവയോടു പ്രാർത്ഥിച്ചു. വളരെ കരഞ്ഞു അവൾ ഒരു നേർച്ച നേർന്നു. സൈന്യങ്ങളുടെ യഹോവേ അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷ സന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയുമില്ല എന്നും പറഞ്ഞു (1 ശമു. 1:1,10,11).

പ്രാർത്ഥനയ്ക്കു മറുപടിയായി ഞാൻ യഹോവയോടു ചോദിച്ചുവാങ്ങി എന്നു പറഞ്ഞ് ആ മകന് ശമൂവേൽ എന്നു പേരിട്ടു. എല്ക്കാനയും കുടുംബവുമൊക്കെയും യഹോവയ്ക്കു വർഷാന്തരയാഗവും നേർച്ചയും കഴിപ്പാൻ പോയി. എന്നാൽ ഹന്നാ കൂടെപോയില്ല. അവൾ ഭർത്താവിനോട് "ശിശു മുലകുടി മാറട്ടെ. പിന്നെ അവൻ യഹോവയുടെ സന്നിധിയിൽ ചെന്ന് അവിടെ എന്നും പാർക്കേണ്ടതിന് ഞാൻ അവനെയും കൊണ്ടുപോരാം" എന്നു പറഞ്ഞു. ബാലനെ യഹോവയ്ക്കു നിവേദിക്കുന്നതുവരെ അവന്റെ വീട്ടിൽ ദൈവികശിക്ഷണത്തിലും, ദൈവികവഴിയിലും ദൈവവചനപ്രകാരം വളർത്തി. ആത്മികമായി വളരുവാൻ ശമൂവേൽ ബാലനുമിടയായി. പ്രിയരേ! നമ്മുടെ കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ച ആരംഭിക്കുന്നത് നമ്മുടെ ഭവനങ്ങളിൽ നിന്നുമാണ്. ഒരു കളരി അല്ലെങ്കിൽ പാഠശാലയാണ് നമ്മുടെ ഭവനം. മാതാപിതാക്കന്മാർ ആണ് അവരെ ആത്മീയമായി ദൈവവചനപ്രകാരം വളരുവാൻ സഹായിക്കുന്നത്. ഇത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. ആദ്യത്തെ അദ്ധ്യാപിക അമ്മയാണ്. ഈ ഭൂമിയിൽ നമ്മുടെ കുഞ്ഞുങ്ങൾ ജീവിക്കുവാൻ അവർക്കു ആത്മികശിക്ഷണം ആവശ്യമാണ്. (സദൃശ.22:6) ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. നമ്മുടെ കുഞ്ഞുങ്ങൾ വഴിവിട്ടു പോകാതെ അവരെ ബാല്യകാലത്ത് ദൈവവചനപ്രകാരം വളർത്തിയേ മതിയാകൂ. ഇല്ലെങ്കിൽ കൈവിട്ടു പോകും. അനുസരണമില്ലാത്തവരായും, ദൈവഭയം ഇല്ലാത്തവരായും തീരും.

ഏലീ പുരോഹിതൻ പുത്രന്മാരെ പുരോഹിതനായിരുന്നിട്ടും ശിക്ഷിച്ചു, ദൈവവചനപ്രകാരവും വളർത്താൻ കഴിഞ്ഞില്ല. അതിന്റെ ഭവിഷ്യത്ത് പിന്നീട് അനുഭവിച്ചു. അവർ നീചന്മാരും യഹോവയെ ഓർക്കാത്തവരും ആയിരുന്നു. (1 ശമു. 2:12,13) ഏലീ പുത്രന്മാരുടെ ദുഷ്പ്രവർത്തികളെക്കുറിച്ചു കേട്ടിട്ടും

ശാസിച്ചില്ല. ഏലിയുടെ മരണം (1 ശമു. 4;18 വായിക്കുക) വായിച്ചാൽ മനസ്സിലാക്കാം. ശമൂവേൽ ബാലനെ തന്റെ അമ്മ പഞ്ഞിനൂൽ കൊണ്ടു അങ്കി ഉണ്ടാക്കി ധരിപ്പിച്ചു യഹോവയുടെ സന്നിധിയിൽ ശുശ്രൂഷ ചെയ്തുപോന്നു. ശീലോവിൽ യഹോവയുടെ ആലയത്തിൽ കൊണ്ടു ചെന്നു ഏലിയുടെ അടുത്ത് ചെന്നു പറഞ്ഞു, യഹോവയോട് പ്രാർത്ഥിച്ചുകൊണ്ട് ഇവിടെ സമീപത്ത് നിന്നിരുന്ന സ്ത്രീ ഞാൻ ആകുന്നു. ഈ ബാലനായിട്ടാണ് ഞാൻ പ്രാർത്ഥിച്ചത്. ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നല്കിയിരിക്കുന്നു. അതുകൊണ്ട് ഞാൻ അവനെ യഹോവെക്കു നിവേദിച്ചിരിക്കുന്നു. അവൻ ജീവപര്യന്തം യഹോവയ്ക്കു നിവേദിതനായിരിക്കും എന്നു പറഞ്ഞു. (1 ശമു. 1:26,28) അങ്ങനെ ശമൂവേൽ യിസ്രായേലിന്റെ പ്രവാചകനും, ന്യായാധിപനും ആയിത്തീർന്നു. പ്രിയരേ! നാം നമ്മുടെ കുഞ്ഞുങ്ങളിൽ ഒരാളെയെങ്കിലും ദൈവവേലയ്ക്കായി സമർപ്പിക്കുമോ? എന്നാൽ നമ്മുടെ കുടുംബത്തെ ദൈവം അനുഗ്രഹിക്കും. നമുക്കും നമ്മുടെ മക്കളെ ശമൂവേൽ ബാലനെപ്പോലെ ദൈവത്തിനും മനുഷ്യർക്കും പ്രീതിയുള്ളവരായി വളർത്താൻ ദൈവം സഹായിക്കട്ടെ.

അങ്ങനെ ശമൂവേൽബാലൻ ഏലിയുടെ മുമ്പാകെ യഹോവയ്ക്കു ശുശ്രൂഷ ചെയ്തുപോന്നു. ശമൂവേൽ ദൈവത്തിന്റെ പെട്ടകം ഇരിക്കുന്ന യഹോവയുടെ മന്ദിരത്തിൽ ദൈവത്തിന്റെ വിളക്കു കെടുന്നതിനു മുമ്പെ ചെന്നുകിടന്നു. ഏലിപുരോഹിതനെ ദൈവാലയത്തിലെ ശുശ്രൂഷകളിൽ സഹായിക്കുന്നതിനും ശമൂവേൽ ബാലന്നു സന്തോഷമായിരുന്നു. രാത്രിയിൽ ദൈവാലയത്തിൽ ഒറ്റയ്ക്കു കഴിഞ്ഞിരുന്ന ഏലിപുരോഹിതന് ശമൂവേൽ ബാലന്റെ സാന്നിദ്ധ്യവും ശുശ്രൂഷയും ഏറെ ഉപകാരപ്രദമായി. പുരോഹിതന്റെ കാഴ്ച മങ്ങിതുടങ്ങിയിരുന്നു. ഒരു ദിവസം രാത്രി പുരോഹിതൻ പതിവുപോലെ ഉറങ്ങാൻകിടന്നു. ബാലനായ ശമൂവേലും ആ മന്ദിരത്തിൽ തന്നെ അധികം ദൂരത്തല്ലാതെ കിടന്നുറങ്ങി രണ്ടുപേരും ഗാഢനിദ്രയിലായിരുന്നു. അപ്പോൾ യഹോവ ശമുവേലിനെ വിളിച്ചു. “ശമൂവേലേ” ശമൂവേലേ” ശമൂവേൽ ഞെട്ടിയുണർന്നു. വല്യച്ചൻ വിളിച്ചതാവാം എന്നു ശമൂവേൽ ചിന്തിച്ചു. ശമൂവേൽ എഴുന്നേറ്റു കണ്ണുകൾ തിരുമ്മികൊണ്ട് പുരോഹിതന്റെ അടുക്കൽ എത്തി ‘അടിയൻ ഇതാ’ എന്തിനാണ് അടിയനെ വിളിച്ചത് പറഞ്ഞാലും. ഇല്ല ഞാൻ വിളിച്ചില്ല പോയി കിടന്നു കൊൾക എന്നു പറഞ്ഞു. മോനു തോന്നിയതാകാം. ശമൂവേൽ പോയി കിടന്നു. അവൻ ഉറക്കത്തിലായപ്പോൾ യഹോവ വീണ്ടും വിളിച്ചു. ശമൂവേലേ, ശമൂവേലേ, അവൻ എഴുന്നേറ്റു ഏലിപുരോഹിതന്റെ അടുത്തെത്തി ചോദിച്ചു. അടിയൻ ഇതാ! എന്നെ വിളിച്ചല്ലോ, എന്തിനായിരുന്നു വിളിച്ചത്. ഞാൻ വിളിച്ചില്ല മകനേ പോയികിടന്നു കൊൾക എന്നവൻ പറഞ്ഞു.

ഇതെന്തൊരു കഷ്ടമാ? പിന്നാരാണ് ഈ രാത്രിയിൽ പേരെടുത്തു വിളിച്ചത്, അല്പനേരം ചിന്തിച്ചുകിടന്നുവെങ്കിലും പെട്ടെന്ന് ഉറക്കത്തിലായി. കുറെകഴിഞ്ഞപ്പോൾ വീണ്ടും ആ വിളിയുണ്ടായി. ശമൂവേലേ; ഈ പ്രാവശ്യവും അവൻ ചാടിയെഴുന്നേറ്റു പുരോഹിതന്റെ അടുക്കലെത്തി പറഞ്ഞു അടിയൻ ഇതാ! അടിയനെ വിളിച്ചുവല്ലോ? കാര്യം അറിയിച്ചാലും. അപ്പോൾ ഏലി പുരോഹിതന് കാര്യം മനസ്സിലായി ഇത് മറ്റൊരുമല്ല യഹോവ തന്നെ എന്നിട്ടു പറഞ്ഞു” പോയി കിടന്നുകൊള്ളുക. ഇനിയും വിളിച്ചാൽ നീ പറയണം. “യഹോവേ, അരുളിച്ചെയ്യേണമേ അടിയൻ കേൾക്കുന്നു

എന്ന്. ശമൂവേൽ അന്നുവരെ യഹോവയെ അറിഞ്ഞിരുന്നില്ല, യഹോവയുടെ വചനം അവന്നു അന്നുവരെ വെളിപ്പെട്ടതുമില്ല (1 ശമു. 3:1–13). ശമൂവേൽ വീണ്ടും പോയിക്കിടന്നു. ഒരു പക്ഷേ; അവൻ ചിന്തിച്ചു കാണും ദൈവം ഇങ്ങനെ വിളിക്കുമോ? ഇങ്ങനെ ആരും പറഞ്ഞിട്ടില്ലല്ലോ! അതും ഞാനൊരു ബാലനല്ലോ? പിന്നെ എന്തിനായിരിക്കും ദൈവം എന്നെ വിളിക്കുന്നത്. പലതും ആലോചിച്ചു കിടന്നു. ശമൂവേൽ വീണ്ടും ഉറങ്ങിപ്പോയി. അല്പസമയം കഴിഞ്ഞപ്പോൾ ശമുവേൽ വീണ്ടും കേട്ടു, ശമൂവേലേ, ശമൂവേലേ എന്ന വിളി അവൻ ചാടിയെണീറ്റു. അവൻ മുട്ടുകുത്തി മുകളിലേക്കു നോക്കി കൈകൾ രണ്ടും കൂപ്പി വിനയപുരസ്സരം പറഞ്ഞു. അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു എന്ന്. തുടർന്നു ദൈവത്തിന്റെ വാക്കുകൾ വ്യക്തമായി കേട്ടു. ഞാൻ ഏലിയുടെ ഭവനത്തിന് ദോഷങ്ങൾ വരുത്തും അവന്റെ പുത്രന്മാർ എന്നെ ദുഷിക്കുന്നു. അവർ അകൃത്യം പ്രവർത്തിക്കുന്നു. ഏലി അവരെ ശാസിച്ചു തടയാത്തതുകൊണ്ട് അവരുടെ യാഗവും വഴിപാടും ഞാൻ സ്വീകരിക്കുകയില്ല. അവർക്കു ശിക്ഷാവിധിയുണ്ടാകും. ഇതെല്ലാം കേട്ട് ദുഃഖത്തിലായ ശമൂവേൽ വീണ്ടും ഉറങ്ങിപ്പോയി. രാവിലെ എഴുന്നേറ്റ് പതിവുപോലെ ദൈവാലയത്തിന്റെ കതകുകൾ എല്ലാം തുറന്നിട്ടു. ദൈവം ഏലി പുരോഹിതന്റെ ഭവനത്തെപ്പറ്റി പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തോടെ പറയണോ വേണ്ടയോ എന്ന് അവൻ സംശയിച്ചു. അപ്പോഴതാ ഏലിപുരോഹിതൻ ശമൂവേലിനെ വിളിച്ചു. മോനെ ശമൂവേലേ, ഇങ്ങുവന്നേ, കഴിഞ്ഞ രാത്രി യഹോവ നിന്നോട് എന്താണ് പറഞ്ഞത്? ഒന്നും വിടാതെ എല്ലാം എന്നോടു പറയണം. അവൻ ഒന്നും മറച്ചു വെയ്ക്കാതെ എല്ലാം പുരോഹിതനോടു പറഞ്ഞു. കാലം മുമ്പോട്ടു പോയി ശമൂവേൽ ബാലൻ വളർന്നു കുമാരനായി യുവാവായി യഹോവ അവനോടു കൂടെയുണ്ടായിരുന്നു. അവൻ ദൈവത്തിനു വേണ്ടി സംസാരിച്ചു. ശമൂവേൽ ബാലനോ വളരുന്തോറും യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നു. ദൈവത്തിനുവേണ്ടി പ്രവർത്തിച്ചു, ദൈവത്തിന്റെ കല്പനകൾ അവൻ അനുസരിച്ചു. ശമൂവേൽ യിസ്രായേലിന്റെ ദൈവത്തിന്റെ വിശുദ്ധ പ്രവാചകനായും, ന്യായാധിപനായും ദീർഘനാൾ ശുശ്രൂഷ ചെയ്തു. പുരോഹിതന്റെ മക്കൾ അരുതാത്ത പ്രവൃത്തി ചെയ്തു വഴിപിഴച്ച ജീവിതം നയിച്ചപ്പോൾ ബാലനായ ശമൂവേൽ മാതാപിതാക്കളുടെ ഇഷ്ടപ്രകാരം ദൈവാലയത്തിലെ ശുശ്രൂഷകൾ ചെയ്യാൻ സന്നദ്ധനായി. വീടും മാതാപിതാക്കളെയും വിട്ട് വൃദ്ധപുരോഹിതനെ ശുശ്രൂഷിക്കാൻ അവൻ സന്മനസ്സ് കാട്ടി പുരോഹിതനെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തു. ദൈവത്തെ അനുസരിച്ച് ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ വളർന്നു. തൽഫലമായി ദൈവം അവനെ ഉയർത്തി. യിസ്രായേൽ ജനത്തിന്റെ ശ്രേഷ്ഠന്യായാധിപനും, പ്രവാചകനുമാക്കി. യിസ്രായേൽ മക്കൾക്ക് രാജാക്കന്മാരെ തിരഞ്ഞെടുത്ത് അഭിഷേകം ചെയ്യാനും ദൈവം ശമൂവേലിനെ നിയോഗിച്ചു. ശമൂവേൽ യിസ്രായേലിലെ അവസാനത്തെ ന്യായാധിപനായിരുന്നു. ന്യായാധിപന്മാരിൽ വെച്ച് ഏറ്റവും പ്രഗത്ഭനും വിശുദ്ധനുമായിരുന്നു. “മുളയിലേ അറിയാം മുളംകരുത്ത്” മാതാപിതാക്കളുടെ താത്പര്യം മാനിച്ച് ചെറിയ പ്രായത്തിൽ തന്നേ ദൈവവേലയ്ക്കായി സമർപ്പിച്ച ഒരു ബാലകനെ ദൈവം ഉയർത്തിയ ചരിത്രം തിരുവചനത്തിൽ വായിക്കുന്നു. 1 ശമൂവേൽ 1–ാം അദ്ധ്യായം 2–ാം അദ്ധ്യായം വായിച്ചാൽ മനസ്സിലാക്കാം. ❑

# വിഴുങ്ങുന്ന ശത്രുക്കൾ

ജെസ്സി ബെൻസെൻ, കൊച്ചി



**ശൗ**ൽ രാജാവിനെ ഭയപ്പെട്ട ദാവീദ് ഓടി രക്ഷപ്പെട്ട് അഭയത്തിനായി ഗത്ത് രാജാവായ ആഖീശിന്റെ അടുക്കൽ എത്തിച്ചേർന്നു. എന്നാൽ ദാവീദിനെ തിരിച്ചറിഞ്ഞ ആഖീശിന്റെയും ഭൃത്യന്മാരുടെയും മുമ്പാകെ അവൻ ഒരു ഭ്രാന്തനായി അഭിനയിക്കുകയും അതു നിമിത്തം അവൻ വിട്ടയയ്ക്കപ്പെടുകയും ചെയ്തു (1 ശമു. 21:10-15).

ദാവീദ് പിടിക്കപ്പെട്ടപ്പോൾ ദൈവത്തോടു പ്രാർത്ഥിക്കുന്ന ചില വരികളാണ് "ദൈവമേ, എന്നോടു കൃപയുണ്ടാകേണമെ; മനുഷ്യർ എന്നെ വിഴുങ്ങുവാൻ പോകുന്നു; അവർ ഇടവിടാതെ പൊരുതു എന്നെ ഞെരുക്കുന്നു. എന്റെ ശത്രുക്കൾ ഇടവിടാതെ എന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നു; ഗർവ്വത്തോടെ എന്നോടു പൊരുതുന്നവർ അനേകരല്ലോ" എന്നിങ്ങനെ നാം വായിക്കുന്നു (സങ്കീ. 56:1,2). മനുഷ്യർ എന്നു പറഞ്ഞിരിക്കുന്നതു കൂടാതെ എന്റെ ശത്രുക്കൾ എന്നും ദാവീദ് തന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നവരെക്കുറിച്ച് പറയുന്നുണ്ട്. തന്നെ പിടിച്ചിരിക്കുന്ന മനുഷ്യരുടെ ഉപദ്രവത്തെക്കുറിച്ചാണ് അവർ വിഴുങ്ങുവാൻ ഭാവിക്കുന്നു എന്നു ദാവീദ് പറഞ്ഞിരിക്കുന്നതെങ്കിൽ നമ്മെ സംബന്ധിച്ച് മറ്റു പല വിധത്തിലുള്ള ശത്രുക്കളും നമ്മെ വിഴുങ്ങുവാൻ ഭാവിക്കുകയും നമ്മോടു ഇടവിടാതെ പൊരുതുകയും ചെയ്യുന്നുണ്ട്.

ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും എന്ന് ദാവിദ് പറയുന്നതിൽ നിന്നും ഭയം ഒരു ശത്രുവാണെന്ന് മനസ്സിലാക്കാം. ഭയത്തിൽ നിന്നും ഉളവാകുന്ന ആശങ്കകൾ, ആകുലചിന്തകൾ, നിരാശ, വിഷാദം എന്നിവയൊക്കെ നമ്മെ വിഴുങ്ങിക്കളയുവാൻ തക്ക ശക്തരായ വൈരികളാണ്. ഏലിയാവ് പോലും മരിക്കുവാൻ ഇച്ഛിച്ച് "ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ, ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവനല്ലല്ലോ" എന്നു പറഞ്ഞു. (1 രാജാ. 19:4) പ്രാർത്ഥിക്കുന്നത് ഭയവും, നിരാശയും അവനെ വിഴുങ്ങുവാൻ ഭാവിച്ചപ്പോഴായിരുന്നു. മരിക്കാനുള്ള ഏലിയാവിന്റെ പ്രാർത്ഥന ദൈവം സ്വീകരിച്ചിരുന്നുവെങ്കിൽ ജീവനോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടാനുള്ള അവസരം അവന് നഷ്ടപ്പെടുമായിരുന്നു. ഭോഷത്വമായി നാം ഉരുവിടുന്ന പ്രാർത്ഥനകൾ സ്വീകരിക്കാതിരിക്കുന്നത് ദൈവത്തിന്റെ കരുണയാണ്.

ദൈനംദിന ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന പല സാഹചര്യങ്ങളും, ഫെലിസ്ത്യർ ദാവീദിനെ പിടിച്ചതു പോലെയോ അതിനെക്കാൾ ശക്തമായോ നമ്മെ പിടിച്ചുകെട്ടുവാൻ പര്യാപ്തമായവയാണ്. ഭാവിയേക്കുറിച്ചുള്ള ആശങ്കകൾ, രോഗങ്ങൾ, മനോദു:ഖങ്ങൾ, ഞെരുക്കം, ദാരിദ്രം എന്നിവയൊക്കെ ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ, വ്യത്യസ്തമായ അളവുകളിൽ നാം ഓരോരുത്തരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തന്നെയാണ്. അവയൊന്നും അതിൽതന്നെ തെറ്റല്ലെങ്കിലും അവയൊന്നും നമ്മെ പിടിച്ചടക്കുവാൻ അനുവദിച്ചുകൂടാ. അവയെ അതിജീവിക്കുവാനുള്ള മാർഗ്ഗവും ദാവീദ് തന്നെ വെളിപ്പെടുത്തുന്നു. താൻ പരിചയിക്കയും പ്രായോഗികമാക്കുകയും ചെയ്ത ഒരു സംഗതി എന്ന നിലയിലാണ് "ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും" എന്നു പറഞ്ഞിരിക്കുന്നത്.

താൻ ദൈവത്തിൽ ആശ്രയിക്കുമ്പോൾ സാഹചര്യങ്ങൾ വ്യത്യാസപ്പെടുന്നത് എങ്ങനെ

*ശേഷം 18-ാം പേജിൽ*

**ഒരനുസ്മരണം**

ബ്രദറൺ വോയിസ് 1980 ജനുവരി 23



# ഞങ്ങളുടെ അമ്മച്ചി

**മേരി അഞ്ചൻ, തുംകൂർ**

**നി**ശബ്ദ സുന്ദരവും, ത്യാഗസുരഭിലവുമായ 65 വർഷക്കാലത്തെ ക്രിസ്തീയ സാക്ഷ്യത്തിനുശേഷം ശ്രീമതി മറിയംജോൺ (മിസിസ്സ് എം. എം. ജോൺ) ശാന്തിസദനത്തിലെ തന്നെ 'മണിവിളക്ക്' അണഞ്ഞുപോയി. ഡിസംബർ 18-ാം തീയതി പ്രഭാതത്തിൽ തിരുവല്ലാ മെഡിക്കൽ മിഷൻ ഹോസ്പിറ്റലിലെ ത്യാഗപൂർണ്ണമായ വൈദ്യശാസ്ത്ര പാടവത്തെയും, സ്നേഹഭരിതമായ സേവനത്തെയും പരിചരണത്തെയും നിഷ്പ്രഭമാക്കിക്കൊണ്ട്, ഭാവിയിലെ മനോമോഹനവും നിത്യഭാസുരവുമായ 'പുലർകാലപ്പിറവിയി'ലേക്ക്, ആ പൈങ്കിളി കൂടുവിട്ടു ഉയർന്നു പറന്നു.

കേരളത്തിലെ ആദിമ വേർപാട് വിശ്വാസികളുടെ ശ്രേണിയിൽ പ്രശസ്തനും വിശ്വാസ സത്യങ്ങളിൽ ഉറച്ച നിലപാടു സ്വീകരിച്ച ആളുമായിരുന്ന കുറിയന്നൂർ ഐവേലിൽ ഔസേഫ് അവർകളുടെ മകളായ ഏലിയാമ്മയുടെ സീമന്തപുത്രിയായി ജനിച്ച കൊച്ചുമറിയാമ്മ വിദ്യാഭ്യാസാർത്ഥം മാതൃഗൃഹത്തിൽ താമസിച്ചിരുന്നതുകൊണ്ട് നിർമ്മല സുവിശേഷോപദേശങ്ങൾ ഗ്രഹിക്കുന്നതിനും, ആദ്ധ്യാത്മികാന്തരീക്ഷത്തിൽ ക്രമാനുഗതമായി വളരുന്നതിനും ഇടയായി. 13-ാം വയസ്സിൽ വിദ്യാർത്ഥിനിയായിരുന്നപ്പോൾ വിവാഹിതയായി. തുടർന്നു പരീക്ഷ ജയിച്ചു. ഗവൺമെന്റ് സ്കൂളിൽ അദ്ധ്യാപികയായി.

അമ്മച്ചിയുടെ അനേകകാലത്തെ അചഞ്ചലമായ വിശ്വാസത്തിന്റെയും, സ്ഥിരമായ പ്രാർത്ഥനയുടെയും ഫലമായി, മാർത്തോമ്മാ സമുദായത്തിൽ പേരും പെരുമയും ഉണ്ടായിരുന്ന അപ്പച്ചൻ വിശ്വാസസ്നാനം ഏല്ക്കുവാൻ ഇടയായി. മാർത്തോമ്മാ വിശ്വാസത്തിനു വിപരീതമായി ആരെങ്കിലും പ്രസംഗിച്ചാൽ അവരോടു വാഗ്വാദം നടത്തുക പതിവായിരുന്ന അപ്പച്ചൻ, മഹാകവി കെ. വി. സൈമൺ, ബഹുമാനപ്പെട്ട ഇ.പി.വറുഗീസ് സഹോദരൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പി. വി. ജോർജ്ജ് സഹോദരനുമായി അർദ്ധരാത്രി വരെയും തർക്കിക്കുകയും വിശ്വാസ സ്നാനം വേദാനുസരണമാണെന്നു മനസ്സിലാക്കിയ ക്ഷണം, ആ രാത്രിയിൽതന്നെ സ്നാനമേല്ക്കുകയുമാണുണ്ടായത്, "മറിയാമ്മ സാർ ജോൺ സാറിനെ തെറ്റിച്ച"തായി പൊതുജനം അഭിപ്രായപ്പെട്ടെങ്കിലും, അത് അമ്മച്ചിയുടെ നിശബ്ദ സേവനത്തിന്റെ പ്രത്യക്ഷഫലമല്ലാതെ മറ്റൊന്നുമായിരുന്നില്ല.

ഒരു അദ്ധ്യാപകനും, സുവിശേഷവേലയിൽ അതിതല്പരനുമായ സ്വഭർത്താവിനോടൊന്നിച്ച് ക്രിസ്തീയ ശുശ്രൂഷകളിൽ മുന്നേറുവാൻ ഇടയായി. ചെറുപ്പത്തിൽ തന്നിൽ അങ്കുരിച്ച വിശ്വാസം രൂഢമൂലമായി. വിവിധ പരിശോധനകളെ ചെറുത്തുനില്ക്കാൻ ശക്തി പ്രാപിച്ചു.

അക്കാലത്തായിരുന്നു വിയോജിതസഭയുടെ രൂപവത്ക്കരണം. 'വിയോജിതസഭ' അന്നു നിലിവിലിരുന്ന സകല സമുദായങ്ങളിലെയും പ്രത്യേകം ബ്രദറൺ എന്നറിയപ്പെട്ട സഭയിലെയും പല ഉപദേശാചാരങ്ങളെ "പാഷണ്ഡ മതമർദ്ദനം" എന്ന കൃതിയിൽ വിമർശിച്ചിട്ടുണ്ട്. തന്നിമിത്തം ബ്രദറൺ സഭയിൽ നിന്ന് ഒരു വിയോജിതത്വം ആവശ്യമെന്ന് പ്രസ്തുത സഭയുടെ ഉപജ്ഞാതാവായ മഹാകവി കെ. വി. സൈമൺസാറിനു ബോദ്ധ്യമായി. പുതിയനിയമ സത്യങ്ങളെ യഥാവിധി ജനതാമദ്ധ്യേ പ്രചരിപ്പിക്കുവാൻ മഹാകവിയും

സുഖമില്ലാതെ വീട്ടിൽ ശയ്യാവലംബിയായിരുന്ന കാലത്തും, എട്ടുപത്തു മാസികകളും, ലഘുലേഖകളും തലയിണയുടെ അടുത്തു വയ്ക്കുകയും വരുന്നവർക്ക് കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അല്പം സുഖം തോന്നുമ്പോഴൊക്കെയും താനും വായിക്കുമായിരുന്നു.


പ്രഷറിന്റെ അസുഖത്തിനു പലവിധത്തിലുള്ള മരുന്നുകൾ ഉപയോഗിച്ചിരുന്നതിനാൽ വയറ്റിൽ എരിച്ചിൽ സാധാരണയായിരുന്നു. എന്നാൽ പലപ്പോഴും ഭക്ഷണസമയത്ത് വിശന്നോ ദാഹിച്ചോ വരുന്ന സാധുക്കൾക്ക് തന്റെ ഭക്ഷണത്തിന്റെ സിംഹഭാഗവും നല്കുന്നത് അനേകപ്രാവശ്യം ഞങ്ങൾ കണ്ടിട്ടുണ്ട്. വെറുംകൈയായി ആരെയും അയക്കുന്നത് അമ്മച്ചിയുടെ പ്രകൃതമല്ലായിരുന്നു.

വായന, പഠിപ്പിക്കൽ, പ്രസംഗം, എഴുത്ത് എന്നിവയിൽ മാത്രം വ്യാപൃതനായിരുന്ന അപ്പച്ചനെ വീട്ടുകാര്യങ്ങളിലോ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ കാര്യങ്ങളിലോ വരാവുന്ന വിഷമതകൾ യാതൊന്നും അറിയിച്ച് ശല്യപ്പെടുത്തിയിരുന്നില്ല. പണസംബന്ധമായി അങ്ങേയറ്റം വിശ്വസ്തത പാലിച്ചു. കുടുംബ പ്രാർത്ഥനയുടെ പ്രധാനപങ്ക് വഹിച്ചിരുന്നു. വേദപുസ്തകവായന താൻതന്നെ നിർവ്വഹിച്ചു. "നമ്മുടെ മാസിക"യാണ് ദീർഘകാലമായി ഉപയോഗിക്കുന്നത്. കണ്ണിന്റെ കാഴ്ച മങ്ങിയിട്ടും വായന മറ്റുള്ളവർക്ക് വിട്ടുകൊടുക്കാൻ മനസ്സില്ലായിരുന്നു. ഞായറാഴ്ച സഭായോഗത്തിനു പോകാൻ ആരോഗ്യമില്ലായിരുന്നതിനാൽ ചില നാളുകളായി ഞായറാഴ്ച ഉച്ചതിരിഞ്ഞ് അപ്പച്ചനും അമ്മച്ചിയും കുറേസമയം മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി വേർതിരിച്ചിരുന്നു.

ഇങ്ങനെ - എല്ലാവിധത്തിലും നിശബ്ദമായ ഒരു മഹൽസേവനം അനുഷ്ഠിച്ച് തിരശ്ശീലയ്ക്കപ്പുറത്തേക്കു കടന്നിരിക്കയാണ്. അനേകവർഷം കഷ്ടതകൾ അനുഭവിച്ചിരുന്ന ഞങ്ങളുടെ അമ്മച്ചിക്കു ആശ്വാസവും, സമാധാനവും വിശ്രമവും ആവശ്യമെന്നു സ്വർഗ്ഗപിതാവു കണ്ടു അങ്ങോട്ടു വിളിച്ചു അവന്റെ നാമത്തിനു സ്തോത്രം. (2 തിമൊ. 4:7) ❑

ശിഷ്യരും അശ്രാന്തം പരിശ്രമിച്ചു. കൂടാതെ വിശുദ്ധവും നിഷ്കളങ്കവുമായ സഭാജീവിതം നയിക്കണമെന്ന സത്യം പ്രസംഗപീഠങ്ങളിലും, വേദാദ്ധ്യായന ക്ലാസുകളിലും സുവ്യക്തമായി പഠിപ്പിച്ചിരുന്നതിനാൽ പ്രസ്തുത വിഷയങ്ങളിൽ 'നാരകത്താനി മറിയാമ്മ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഞങ്ങളുടെ അമ്മച്ചി പ്രഗത്ഭമായ ജ്ഞാനം സമ്പാദിച്ചിരുന്നു. ഉപദേശവിഷയങ്ങളിൽ നിശ്ചയം പ്രാപിച്ചിരുന്നതിനാൽ പ്രതിദിനം വിശ്വാസത്തിൽ വളരുവാൻ ഇടയായി. വേർപാടു വിശ്വാസത്തിനു തുല്യമായ ഒരു വിശ്വാസമില്ല. അതല്ലാതെ മറ്റൊന്നും ശരിയായ സഭയല്ല എന്ന തന്റെ വിശ്വാസം അചഞ്ചലമായിരുന്നു. ഒരു വിട്ടുവീഴ്ചയ്ക്കും ഒരിക്കൽപോലും സന്നദ്ധയായിരുന്നില്ല. എല്ലാ ദൈവമക്കളെയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതിൽ ശ്രദ്ധാലുവായിരുന്ന ഞങ്ങളുടെ അമ്മച്ചിക്ക് വേർപാടു വിശ്വാസികളെയും, സുവിശേഷകന്മാരെയും ആദരിക്കുകയും, ഉപചരിക്കുകയും ചെയ്യുന്നതിൽ പ്രത്യേകതയുണ്ടായിരുന്നു. അമ്മച്ചി ഒരു പ്രസംഗിയോ, ഗ്രന്ഥകർത്ത്രിയോ ആയിരുന്നില്ല. എന്നാൽ സഭയിലും, സ്കൂളിലും, വെളിയിലും തന്റെ ആത്മികനില പ്രവർത്തനങ്ങളിൽകൂടെ പ്രകാശിപ്പിച്ചു. ഫലമോ? കുഞ്ഞുങ്ങൾ എല്ലാവരും കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. രണ്ടുപേർ പൂർണ്ണസമയം സുവിശേഷവേലയിൽ, മറ്റവർ വീണ്ടും ജനിച്ചവരും സുവിശേഷകാര്യങ്ങളിൽ തങ്ങളുടെ കഴിവുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നവരുമാണ്. കൊച്ചുമക്കൾ മിക്കവാറും പേർ രക്ഷിക്കപ്പെട്ടവർ തന്നെ. ആശുപത്രിയിൽ അന്ത്യദിവസങ്ങൾ ഇഴഞ്ഞുപോയ്ക്കൊണ്ടിരിക്കവേ, അബോധാവസ്ഥയിൽ കിടന്ന അമ്മച്ചി ഒരു കൊച്ചുമകനേ പേർചൊല്ലി വിളിച്ചു. "നീ കർത്താവിനുവേണ്ടി നിന്റെ ഹൃദയം കൊടുക്കണം. അല്ലെങ്കിൽ ഞങ്ങളെല്ലാം അങ്ങു പോകും; നീ ഇവിടെ കിടക്കയും ചെയ്യും...." എന്നു തുടങ്ങി സുവിശേഷം ശക്തിയായി പറഞ്ഞു. ആ പൈതൽ അന്നു അവിടെ ഇല്ലായിരുന്നെങ്കിലും ഈ ദൂത് അവനെ മാനസാന്തരത്തിലേക്കു നയിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.

# കുടുംബബന്ധം പാവനമാണ്



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

പത്മാലയത്തിലെ പാറുത്തള്ളയ്ക്ക് ആ ബാലനോട് അലിവുതോന്നി. കഞ്ഞിയും കപ്പവേവിച്ചതും കൊടുത്ത് വിശപ്പുമാറ്റി. വയർ നിറഞ്ഞതിന്റെ പബ്ലിസിറ്റി എന്നോണം ഒരു ഏമ്പക്കം വിട്ടു. അവൻ തന്നെ പാത്രം കഴുകി തിണ്ണയിൽ വെച്ചു. "അമ്മേ, ഞാൻ പോകട്ടെ" എന്നുപറഞ്ഞു തിരിഞ്ഞു നടക്കുമ്പോഴാണ് ശശിയുടെ പുറത്തെ പപ്പടവട്ടത്തിലുള്ള പാട് പാറുത്തള്ള കണ്ടത്. അല്പം ഉത്കണ്ഠയോടെ അവർ ചോദിച്ചു, "എന്തെടാ ശശി പുറത്തെ പാട്?" ഒൻപതുവയസുകാരനായ ശശിയുടെ കണ്ണിൽ നിന്നും അവനോളം വലുപ്പമുള്ള രണ്ടു തുള്ളി കണ്ണുനീർ പുറത്തുചാടി. ഉത്തരത്തിന്റെ ആദ്യഭാഗമെന്നോണം.

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

"വീട്ടിൽ നിന്നും പുറപ്പെട്ടുപോന്ന ശേഷം ഒരാഴ്ച അടുത്തൊരു വീട്ടിൽ അടുക്കള വേല്യ്ക്കു നിന്നു. ഉപ്പേരി വറുക്കുന്ന സമയത്ത് കാലുതട്ടി വെളിച്ചെണ്ണപ്പാട്ട മറിഞ്ഞപ്പോൾ അവിടുത്തെ അമ്മ പഴുത്ത ചട്ടുകം പുറത്തു വെച്ചതാ. 'ചൂ' എന്നൊരു ശബ്ദം കേട്ടു. പിന്നെ നീറ്റലായിരുന്നു. രാത്രി മുഴുവനും നീറ്റലുണ്ടായിരുന്നു. വെളുപ്പിനെ ഞാൻ അവിടെനിന്നും ഇറങ്ങിപ്പോന്നു, ആരും അറിയാതെ, ഉച്ചയായപ്പോഴാ വല്ലതും കഴിക്കുന്നത്. ഇനി എങ്ങോട്ടു പോകുമെന്നറിയില്ല".

"കാർത്ത്യാനി, നീയാ കോഴിനെയ്യുടെ കുപ്പി ഇങ്ങുകൊണ്ടുവന്നേ. ആ കൊണം വരാത്ത പെണ്ണുംപിള്ള ഈ കൊച്ചിനോടു കാണിച്ചത് കണ്ടില്ലേ. അവൾ മുടിഞ്ഞുപോകത്തേയുള്ളൂ." കാർത്ത്യാനി കൊണ്ടുവന്ന കോഴി നെയ്യ് കുപ്പിയിൽ നിന്നും കോഴിത്തൂവൽകൊണ്ട് ശശിയുടെ പുറത്ത് പുരട്ടിയിട്ട് പുടവയുടെ കോന്തലകൊണ്ട് ശശിയുടെ കണ്ണുനീർ തുടച്ചു. "കൊച്ചിനിഷ്ടമുണ്ടെങ്കിൽ ഇവിടെ നിന്നോ. ഇവിടുത്തെ ഭാസ്കരൻസാർ പള്ളിക്കൂടം വാദ്ധ്യാരാണ്. പെൻഷൻ പറ്റാറായി. കുട്ടികളെല്ലാം ഇന്ന് ഓരോ ദിക്കിലാണ്. ഞാനും കൊച്ചുകാർത്ത്യാനിയുമേ ഇവിടെയുള്ളൂ. ഞങ്ങൾക്കൊരു ആൺതല കൂട്ടായല്ലോ. പിന്നെ ഉച്ചയ്ക്ക് സാറിന് ചോറുകൊണ്ടുകൊടുക്കണം. പള്ളിക്കൂടം ഒരുനാഴിക അകലെയാണ്. സാറ് നല്ല മനുഷ്യനാ". ശശി നല്ലതുപോലെ കിടന്നുറങ്ങി. പല ദിവസങ്ങൾക്കുശേഷം വയറുനിറയെ ഭക്ഷണം കഴിച്ചതാണ്. നെയ്യ് പുരട്ടിയതിനാൽ നീറ്റലും കുറഞ്ഞു. ഭാസ്കരൻ സാർ പള്ളിക്കൂടത്തിൽ നിന്നു വരുമ്പോൾ ഒരു കൊച്ചൻ കറമ്പിപ്പശുവിനെ കുളിപ്പിക്കുന്നു. വിവരങ്ങളെല്ലാം പാറുത്തള്ള പറഞ്ഞ് സാറ് മൂളികേട്ടു. അത്താഴമൂണ് കഴിഞ്ഞ് എല്ലാവരും കൂടെയിരുന്നപ്പോൾ സാറ് ശശിയോട് ചോദിച്ച് ചരിത്രമെല്ലാം കേട്ടു. "കുഞ്ഞേ ചോദിച്ചതിൽ കാര്യമുണ്ട്. കാലം വല്ലാത്തതാണ്. വല്ലവരുടെയും കുഞ്ഞിനെ ഞങ്ങൾ തട്ടിക്കൊണ്ടുപോന്ന് ഒളിപ്പിച്ചു എന്ന് നാട്ടുകാർ പറയരുത്. അമ്മയെ കൊന്നാലും കേസ് പറയാൻ വക്കീലുള്ള കാലം". പരിചയസമ്പന്നനായ അദ്ധ്യാപകന്റെ ശൈലിയിൽ അദ്ദേഹം പറഞ്ഞപ്പോഴാണ് സംഗതിയുടെ ഗൗരവം പാറുത്തള്ളയും കാർത്ത്യാനിയും മനസ്സിലാക്കുന്നത്. "എന്റെ ഗുരുവായൂരപ്പാ, കാവിൽ ഭഗവതി, ചതിക്കല്ലേ" എന്നുപറഞ്ഞ് കാർത്ത്യാനി എഴുന്നേറ്റ് അടു

ക്കളയിലേക്ക് പോയി. പൂച്ച എന്തോ തട്ടിമറിച്ചിട്ട ശബ്ദംകേട്ടതുപോലെ പാറുത്തള്ളയ്ക്കു തോന്നി.

"കഥ പറയാമെൻ കഥ പറയാം

കണ്ണീരിലെഴുതിയ കഥ പറയാം"

എന്നൊരു സിനിമാപ്പാട്ടിന്റെ ഭാഗം ഓർത്തുപോകും ആ കഥ കേട്ടാൽ. എന്റെ അച്ഛൻ റബ്ബർ വെട്ടുകാരനായിരുന്നു. അമ്മ തോട്ടത്തിൽ അച്ഛന് കാപ്പിയും കൊണ്ടുപോകും. റബ്ബർ പാൽ എടുത്തുകൊടുക്കും. ഞങ്ങൾ നാലു കുഞ്ഞുങ്ങളാണ്. ഞാനാണ് കടിഞ്ഞൂൽ. ഒരു ദിവസം രാത്രിയിൽ അച്ഛനും അമ്മയും ഒത്തിരി വഴക്കു പറയുന്നത് കേട്ടു. കൊട്ടനെയ്ത്തുകാരി ത്രേസ്യാ എന്നൊരു പെണ്ണിന്റെ കാര്യം അമ്മ പറയുകയും കരയുകയും ചെയ്തു. അച്ഛനന്ന് അമ്മയെ തല്ലുകയും ചെയ്തു. വഴക്കു പതിവായി. വഴക്കുണ്ടാകുന്ന അന്ന് അമ്മ കഞ്ഞി കുടിക്കാറില്ല. എനിക്ക് കരച്ചില് വരുമായിരുന്നു. ഒരിക്കൽ അച്ഛൻ രാവിലെ വെട്ടാൻ പോയതാണ്. പിന്നെ തിരികെ വന്നില്ല. ഞാൻ രണ്ടിൽ തോറ്റു കിടക്കുകയായിരുന്നു. പിള്ളേരൊക്കെ പറയുന്നത് വെട്ടുകാരൻ കൊച്ചും കൊട്ടനെയ്ത്തുകാരി ത്രേസ്യയും കൂടി ഒളിച്ചുപോയെന്ന്. അന്ന് പള്ളിക്കൂടത്തിൽ നിന്നും വന്നപ്പോൾ അമ്മ എന്നെ കെട്ടിപിടിച്ച് കരഞ്ഞു. തന്നെത്താൻ ചങ്കിനിട്ടലയ്ക്കുന്നതു കണ്ടു. "തേവിടിശ്ശി ത്രേസ്യ, നിന്നെ ഇടിവെട്ടിപ്പോകും" എന്നൊക്കെ പറയുന്നതുകേട്ടു. അമ്മ രാത്രി മുഴുവനും കരച്ചിലായിരുന്നു. ഞാൻ വെളുപ്പിനെ ഉണർന്നപ്പോൾ വീടുവിട്ടിറങ്ങി."

ശശി വന്നതോടെ ഭാസ്കരൻസാറ് ചോറുപൊതി കൊണ്ടുപോകുന്നതു നിർത്തി. എല്ലാദിവസവും ഉച്ചയാകുമ്പോൾ ശശി പൊതിച്ചോറുമായി പോകും. ഒരിക്കൽ മടങ്ങിപ്പോകുമ്പോൾ പച്ചമാങ്ങ ചന്തയിൽ നിന്നും വാങ്ങുവാനുള്ള മൂന്നു രൂപയും കൊടുത്താണ് സാറ് ശശിയെ വിട്ടത്. സാറിന് കടുമാങ്ങ പ്രിയമാണ്. മാങ്ങ വാങ്ങാൻ ചന്തയിൽ എത്തിയ ശശി കിലുക്കിക്കുത്തുകാരന്റെ മുമ്പിൽ ഇരുന്നു. കിലുക്കികുത്തുകാരന്റെ ചക്കരവാക്കുകളും വില്പന നയവും അവനെ വലയിലാക്കി. മൂന്ന് രൂപ വച്ചു. ആറ് കിട്ടുമെന്നോർത്തു. പക്ഷേ മൂന്നും പോയി. വിഷണ്ണനായി ശശി ചന്തയിലൂടെ അലഞ്ഞുതിരിയുന്നതുകണ്ട വേലായുധൻ നായർ എന്ന പോലീസുകാരൻ അവനെ പിടിച്ചു. സത്യാവസ്ഥ പറയുവാൻ അവന് കെല്പില്ലായിരുന്നു. പറഞ്ഞാൽ വിശ്വസിക്കുവാൻ വകുപ്പുമില്ലല്ലോ. പോലീസ് ലോക്കപ്പിൽ ശശി എത്തിച്ചേർന്നു.

എട്ടുവയസ്സുകാരനായ ശശി പൂച്ചയുടെ മുമ്പിലെ എലിയെപ്പോലെ അന്നുരാത്രി അവിടെ കഴിഞ്ഞു. പ്രിസൺ ഫെലോഷിപ്പ് ഓഫീസിൽ വിവരമറിഞ്ഞപ്പോൾ ഞങ്ങൾ അവനെ അവിടെനിന്നും വിടുവിച്ച് ഒരു അനാഥശാലയിലാക്കി. ഇംഗ്ലണ്ടിലെ ജയിലുകൾ സന്ദർശിക്കുമ്പോൾ അനാഥകുഞ്ഞുങ്ങളെയും തകർന്ന കുടുംബങ്ങളിൽ നിന്ന് വരുന്നവരെയും സ്കൂളിൽ വെച്ച് പഠിത്തം പൂർത്തിയാക്കാതെ അലഞ്ഞുതിരിയുന്നവരുടെ കുഞ്ഞുങ്ങളെയും കൗമാരപ്രായത്തിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്ന കുട്ടികളെയും താമസിപ്പിച്ച്, വിദ്യാഭ്യാസം നല്കുകയും തൊഴിൽ അഭ്യസിപ്പിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനം കാണുവാനിടയായി. സ്കോട്ട്ലൻഡിൽ ചില സഭകൾ ചേർന്ന് നടത്തുന്ന ഈ സ്ഥാപനം എന്നെ വളരെ ആകർഷിച്ചു. Christian Home എന്നാണതിന്റെ പേര്. ആ നിലയിൽ ഒരു സ്ഥാപനം കേരളത്തിലുണ്ടാകണമെന്ന് എനിക്കാഗ്രഹമുണ്ട്.

കുടുംബജീവിതത്തെ ലഘുവായി കൈകാര്യം ചെയ്യുന്നവർക്ക് ഒരു അറിയിപ്പാണ് ശശി. ഭാര്യാഭർത്തൃബന്ധം പരിപാവനമാണ്. അതിനിടയിൽ കരട് വന്നുകൂടി സംശയമുണ്ടാകരുത്. മറ്റൊരു വ്യക്തി പ്രത്യക്ഷപ്പെടരുത്. ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും സ്നേഹിക്കണം, വിശ്വസിക്കണം, ബഹുമാനിക്കണം. പക, അവിശ്വസ്തത, അനാദരവ് എന്നത് ഉണ്ടാകരുത്. പാശ്ചാത്യരാജ്യങ്ങൾക്കുള്ള ഏറ്റവും വലിയ ശാപം അയഞ്ഞതും തകരുന്നതുമായ കുടുംബബന്ധങ്ങളാണെന്ന് പല പ്രാവശ്യം യൂറോപ്പും അമേരിക്കൻ നാടുകളും സന്ദർശിച്ച എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. വിവാഹബന്ധത്തിനപ്പുറമു

*ശേഷം 16-ാം പേജിൽ*

# സഭയും പാതാള ഗോപുരങ്ങളും

പാസ്റ്റർ എ.ജെ. ജോൺ കൊഴുവല്ലൂർ



പാതാള ഗോപുരങ്ങൾ സഭയെ ജയിക്കയില്ല എന്നു പറഞ്ഞത് യേശുവാണ്. പാതാളം സഭയോട് മത്സരിക്കുന്ന ഒരു ശക്തിയാണെന്നു ഈ ഭാഗം സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തിന്റെ എതിർസ്ഥാനത്താണ് പാതാളം. സ്വർഗ്ഗം മുകളിലും പാതാളം ഭൂമിക്കും താഴെയാണ് എന്നു കരുതപ്പെടുന്നു. മത്തായി 16:18-ൽ പറഞ്ഞിരിക്കുന്ന 'ജയിക്കയില്ല' എന്ന പദത്തിനു മൂലഭാഷയിൽ സ്വാധീനിക്കാൻ ശ്രമിക്കും എന്നും അർത്ഥമുണ്ട്. പാതാള ശക്തികൾ യേശുവിന്റെ സഭയെ സ്വാധീനിച്ച് കീഴ്പ്പെടുത്താൻ ശ്രമിക്കും എന്നാൽ വിജയിക്കില്ല എന്നാണ് യേശു പറഞ്ഞതിന്റെ രത്നച്ചുരുക്കം.

സഭയുടെ നിർവ്വചനം "വിളിച്ചുവേർതിരിക്കപ്പെട്ടവരുടെ കൂട്ടം" എന്നാണ്. സഭയുടെ തല ക്രിസ്തുവാണ്. യേശുക്രിസ്തുവിന്റെ ഉടലാണ് സഭ. പുതിയനിയമത്തിൽ സഭയ്ക്ക് പേരു നല്കിയിട്ടുള്ളത് പ്രാദേശികാടിസ്ഥാനത്തിലാണ്. ഉദാ. എഫെസോസ് സഭ, കൊരിന്തിലെ സഭ എന്നിങ്ങനെ. ഓരോ പ്രദേശത്തെയും ക്രിസ്തുശിഷ്യന്മാർ അഥവാ അവരുടെ സമൂഹം ആ പ്രദേശത്തിന്റെ പേരിൽ അറിയപ്പെടുന്നു. ലോക്കൽ ചർച്ച് അഥവാ പ്രാദേശിക സഭ, സ്ഥലം സഭ എന്നു പ്രയോഗിക്കുന്നവരുണ്ട്. സ്ഥലം സഭ എന്ന പ്രയോഗത്തിന് ഭാഷാപരമായൊരു പൊരുത്തക്കേടുണ്ട്. സ്ഥലം+സഭ എന്ന രണ്ടു പദങ്ങൾ പൊരുത്തപ്പെടുന്നതു സ്ഥലത്തെ സഭ എന്നു പറയുമ്പോഴാണ്. പ്രാദേശിക സഭ എന്ന പ്രയോഗത്തിൽ ആ പൊരുത്തക്കേടില്ല. സഭയുടെ മുമ്പിൽ ഇന്നു എഴുതപ്പെടുന്ന വിശേഷണങ്ങൾ ഒന്നും തന്നെ സ്വർഗ്ഗത്തിൽ അംഗീകരിക്കപ്പെടുന്നതല്ല.

രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി കർത്താവ് സഭയോടു ചേർത്തുകൊണ്ടിരുന്നു. യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോട് ചേർക്കപ്പെടുന്ന വ്യക്തികൾക്കു ലഭ്യമാകുന്ന പവിത്രത വർണ്ണനാതീതമാണ്. കാട്ടൊലിവിനെ നല്ല ഒലിവിനോട് ഒട്ടിച്ചുചേർക്കുന്ന ഗ്രാഫ്റ്റിംഗിലൂടെ വളർന്നു വരുന്ന പുതിയ ചെടിയുടെ അനുഭവം; മുന്തിരി വള്ളിയിൽ നിന്നുള്ള അഥവാ വസിക്കുന്ന 'കൊമ്പുകൾ'. സഭ ഒരു കൂട്ടമായിട്ടാണ് ഗണിക്കപ്പെടുന്നതെങ്കിലും അവയവങ്ങൾ എന്ന നിലയിൽ ഒരോ വ്യക്തികളാണ്. ക്രിസ്തുവാകുന്ന ശരീരത്തിൽ വസിക്കുമ്പോൾ തന്നെ ഒരോ വ്യക്തിയുടെയും കർമ്മവും ധർമ്മവും വ്യത്യസ്തമാണ്. അതിന്റെ അടിസ്ഥാനം ദൈവിക ദാനമാണ് അഥവാ ദൈവം ഓരോരുത്തരെയും ഏല്പിക്കുന്ന താലന്തുകളാണ്. ദൈവം ഏല്പിക്കുന്ന താലന്തുകളെ ദൈവഹിത പ്രകാരം വ്യാപാരം ചെയ്യുമ്പോഴാണ് വിജയം വരിക്കുന്നത്.

ആദിമ സഭകൾ എല്ലാംതന്നെ യെരുശലേമിലെ സഭയുടെ നിലപാടുകളിൽനിന്നും പ്രമാണങ്ങളിൽനിന്നും വ്യതിചലിച്ചിരുന്നതായി കാണാം; അതിന്റെ തിരുത്തലുകളാണ് ലേഖനങ്ങളിൽ കാണാൻ കഴിയുന്നത്. സഭയുടെ ഉപദേശങ്ങൾ (Doctrines) ഇന്നത്തെ രീതിയിൽ രൂപപ്പെട്ടത് ഒന്നാം നൂറ്റാണ്ടിനു ശേഷമാണ് അഥവാ നൂറ്റാണ്ടുകളിലൂടെയാണ്. എങ്കിലും ആദിമസഭ വളർന്നതു അപ്പൊസ്തലന്മാരുടെ ഉപദേശപ്രകാരമാണ്. അതുകൊണ്ടാണ് അപ്പൊസ്തലിക ഉപദേശം എന്നറിയപ്പെടുന്നത്. അപ്പൊസ്തോലിക ഉപദേശത്തിന്റെ ആദ്യപടി മാനസാന്തരവും വിശ്വാസ നിമജ്ജന സ്നാനവുമാണ്. എപ്പിസ്കോപ്പൽ സഭകൾ ഇതുരണ്ടും നിരാകരിക്കുന്നതു

കൊണ്ട് സത്യസഭ എന്ന പദവിക്ക് ആ സമൂഹം അർഹരല്ലാതാകുന്നു. ലോകം ഇവരെ അംഗീകരിക്കുന്നു ലോകത്താൽ ആദരിക്കപ്പെടുന്നു എന്ന കാരണത്താൽ മാത്രം സത്യസഭ ആയിത്തീരുന്നില്ല. ക്രിസ്ത്വാനുഭവമുള്ള വ്യക്തികൾ മാനസാന്തരത്തിനും വിശ്വാസനിമജ്ജന സ്നാനത്തിനും ശേഷം ഒത്തുകൂടുമ്പോൾ അത്തരം കൂട്ടായ്മകൾ സഭായോഗങ്ങളായിത്തീരുന്നു. സഭായോഗങ്ങൾ പള്ളിക്കൂട്ടങ്ങളാകണമെന്നില്ല. യെഹൂദന്മാരുടെ പള്ളിആരാധന കാലഹരണപ്പെടുമെന്നും പുതിയനിയമസഭയുടെ ആത്മാവിലും സത്യത്തിലും ഉള്ള ആരാധനയക്ക് പള്ളി അപ്രസക്തമാണെന്നും യേശു വ്യക്തമാക്കിയിട്ടുണ്ട്. യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്" (മത്താ. 18:20) എന്നു യേശു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പുതിയനിയമ സഭായോഗത്തിൽ പള്ളി അപ്രസക്തമാണെന്നു പറയുന്നത്. ക്രൈസ്തവസഭ പള്ളി മതമായി പരിണമിച്ചപ്പോൾ പള്ളി അത്യന്താപേക്ഷിതമായിത്തീർന്നു.

മലങ്കരയിലെ ക്രൈസ്തവ സഭയുടെ (so called church) പള്ളിപാരമ്പര്യം അങ്ങനെ ഉടലെടുത്തതാണ്. കേരളത്തിന്റെ സെക്കുലർ ചരിത്രത്തിൽ ഹിന്ദു ക്ഷേത്രത്തേക്കാൾ പുരാതനത്വം ക്രിസ്ത്യൻ പള്ളിക്കുണ്ട്. ക്ഷേത്രവിജ്ഞാന കോശത്തിലെ രേഖയും ക്ഷേത്രപുരാലിഖിതങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തിൽ ഹിന്ദുക്ഷേത്രങ്ങളുടെ പുരാതനത്വം എ.ഡി. 8-ാം നൂറ്റാണ്ടിനുശേഷമാണെന്നു ഗണിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അതിനും രണ്ടു നൂറ്റാണ്ടുമുമ്പ് എ.ഡി. 6-ാം നൂറ്റാണ്ടിൽ കൊല്ലത്തു ക്രിസ്ത്യൻ പള്ളി ഉണ്ടായിരുന്നതായി രേഖയുണ്ട്. (കേരള സംസ്കാരം പേജ് 28; എ. ശ്രീധരമേനോൻ ഡി.സി. ബുക്ക്സ്). കേരളത്തിലെ പുരാതന ക്രൈസ്തവരുടെ പാരമ്പര്യപ്രകാരം ഹിന്ദു ക്ഷേത്രങ്ങളുടെ താഴികക്കുടത്തിൽ തോമാശ്ലീഹാ കുരിശുനാട്ടി അവ പള്ളിയാക്കി എന്നാണ്. ''അണ്ണാനായാലും മരപ്പട്ടി ആയാലും തോട്ടം നശിപ്പിക്കുന്നു'' എന്ന പഴഞ്ചൊല്ലുപോലെ പള്ളികൾ സത്യസഭയോട് മത്സരിക്കുന്നു. അതുപോലെ യഥാർത്ഥചരിത്രത്തോടും. കേരളത്തിൽ സത്യസഭയുടെ ഉപദേശം ആരാണ് പ്രചരിപ്പിച്ചത് തോമാശ്ലീഹയാണോ സിറിയൻ വ്യാപാരികളാണോ പ്രൊട്ടസ്റ്റന്റ് മിഷനറിമാരാണോ എന്നത് ഗവേഷണ വിഷയം. (തുടരും)

---

*14-ാം പേജിൽ നിന്നും തുടർച്ച (കുടുംബബന്ധം പാവനമാണ്)*

ണ്ടായിട്ടുള്ള ലൈംഗിക ബന്ധങ്ങളെല്ലാം കുടുംബങ്ങളെ തകർത്തിട്ടേയുള്ളൂ. കുഞ്ഞുങ്ങൾ ദൈവം നമുക്ക് ഏല്പിച്ചിട്ടുള്ള വിലയേറിയ നിധികളാണ്. അവ കാത്തു സൂക്ഷിക്കുകയും ജീവിതപോർക്കളത്തിൽ പയറ്റി ജയിക്കുവാൻ പ്രാപ്തരാക്കുക എന്നുള്ളതുമാണ് മാതാപിതാക്കളുടെ കടമ. അവിടെ വീഴ്ചകൾ വന്നാൽ തലമുറ നശിക്കും. അപ്പനും അമ്മയും മക്കൾക്ക് വേണ്ട സമ്പത്തുണ്ടാക്കാൻ വ്യഗ്രത കാണിക്കുന്നതിലധികം അവർക്കു വേണ്ടി പ്രാർത്ഥിക്കണം. ദൈവഭയത്തിൽ വളർത്തണം. നമ്മുടെ മക്കൾ രാജ്യത്തിന്റെ സമ്പത്താണ്. രാജ്യത്തിന്റെ ഭാവി അവരുടെ കൈയിലാണ്. മാതാപിതാക്കളുടെ പ്രാർത്ഥനയാകുന്ന വേലി അവർക്ക് ചുറ്റും ഉണ്ടായിരിക്കണം.

ഇന്നത്തെ തലമുറയുടെ പോക്ക് എങ്ങോട്ടാണെന്ന് അറിയുന്നില്ല എന്ന് നിലവിളിക്കുകയും അവരെ പഴിക്കുകയും ചെയ്യുന്ന ഉപദേശി പ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. യുവതലമുറ എവിടെനിന്നാണ് വന്നതെന്നു മാത്രം ഈ പ്രസംഗകർ അറിഞ്ഞിരുന്നുവെങ്കിൽ മതിയായിരുന്നു.

നിങ്ങളുടെ മക്കൾ വഴിതെറ്റിപ്പോകുന്നുവെങ്കിൽ നിങ്ങളുടെ കുടുംബജീവിതത്തെ തന്നെ പരിശോധിച്ചു നോക്കുക. ക്രമപ്പെടുത്തുവാനുള്ളത് പ്രാർത്ഥനയോടെ ക്രമപ്പെടുത്തുക. അപ്പനും അമ്മയും മക്കളും ഒരുമിച്ചുള്ള കുടുംബപ്രാർത്ഥന എല്ലാ പ്രഭാതത്തിലും സന്ധ്യാസമയത്തും നടത്തുന്നത് ഭക്ഷണംപോലെ പ്രാധാന്യമുള്ള ഒന്നാക്കിത്തീർക്കുക. ❑

# യേശുവിന്റെ ജനനം

അന്നമ്മ സി. ജോൺ



ആദാമ്യലംഘനംമൂലം നഷ്ടപ്പെട്ടുപോയ മനുഷ്യവർഗ്ഗത്തെ ഉദ്ധരിക്കുന്നതിനായി ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ശീലകൾ പൊതിഞ്ഞു കിടത്തിയ യേശുവിനെ, തന്റെ ഏകജാതനായ മകനെത്തന്നെ ബലിയാക്കി. യേശുക്രിസ്തു ബേത്‌ലഹേമിൽ ജനിക്കുമെന്നും കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കുമെന്നും പ്രവാചകന്മാർ നൂറ്റാണ്ടുകൾക്കുമുമ്പേ പ്രവചിച്ചിരുന്നു. അതുപോലെ തന്നെ യേശുക്രിസ്തു ബേത്‌ലഹേമിൽ എവിടെയോ ജനിച്ചു. വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ പുല്കൂട്ടിൽ കിടത്തി. യേശുക്രിസ്തു എവിടെ ജനിച്ചുവെന്നും എന്നു ജനിച്ചുവെന്നും അറിയാതെയാണ് നാനാജാതിമതസ്ഥർ ഇന്ന് ക്രിസ്തുമസ് ആഘോഷിക്കുന്നത്.

എന്നെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു എന്റെ ഉള്ളിൽ ജനിച്ചതാണ് എന്റെ ക്രിസ്തുമസ്. മറിയയെ ഇന്നുമുതൽ എല്ലാ തലമുറകളും ഭാഗ്യവതിയെന്നു വാഴ്ത്തുമെന്നു വേദപുസ്തകം പറയുന്നു. എന്നതുകൊണ്ട് മറിയയുടെയും ഉണ്ണിയേശുവിന്റെയും വിഗ്രഹം ഉണ്ടാക്കിവച്ച് അതിനെ നമസ്കരിക്കണമെന്നു പറഞ്ഞിട്ടില്ല. യേശുക്രിസ്തുവിനെ പ്രസവിക്കുവാൻ മറിയയെ ഉപയോഗിച്ചു എന്നതിനാൽ അവൾ ഭാഗ്യവതിതന്നെയാണ്. മറിയയുടെ വന്ദനസ്വരം എലിസബെത്തു കേട്ടപ്പോൾ അവളുടെ ഉള്ളിൽ പിള്ള ആനന്ദത്താൽ തുള്ളിയതായി നാം വായിക്കുന്നു (ലൂക്കൊ. 1:44) എന്നതുകൊണ്ടും മറിയയെ ആരാധിക്കാൻ പറഞ്ഞിട്ടില്ല. അഥവാ, അവരെ പുണ്യവതിയായി ആരാധിക്കണമെങ്കിൽത്തന്നെ മോശെയുടെ പത്തുകല്പനകളിൽ വിഗ്രഹാരാധന വിലക്കിയിരിക്കുന്നതായി കാണാവുന്നതാണ്. 'ഒരു വിഗ്രഹം ഉണ്ടാക്കരുത്; ... യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത് (പുറപ്പാട് 20:4,5). ചെയ്യരുതെന്നു ദൈവം കല്പിച്ചകാര്യം നാമെന്തിനു ചെയ്യുന്നു? ആ പുണ്യവതി ഇപ്പോൾ ജീവിച്ചിരിക്കുന്നുവോ? അവരെ യോസേഫ് വിവാഹം കഴിച്ച് ലോകത്തിലുള്ള മറ്റുള്ളവരെപ്പോലെ ജീവിച്ച് മരിച്ചു. നമ്മെപ്പോലെ കാഹളനാദത്തിങ്കൽ അവരും ഉയിർത്തെഴുന്നേല്ക്കുമെന്നു വിശ്വസിക്കുന്നതല്ലേ അഭികാമ്യം?

മറിയ ഉടലോടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു എന്നൊക്കെ വിശ്വസിക്കുന്നവരുണ്ട്. അതിനു യാതൊരു തെളിവും ഇല്ലാത്തപ്പോൾ, ഉടലോടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടെന്ന്, വേദപുസ്തകത്തിൽ തെളിവുള്ളവരെ എന്തുകൊണ്ട് ആരാധിക്കുന്നില്ല? മറിയ യേശുക്രിസ്തുവിനു ജന്മം നല്കിയെങ്കിൽ ഉടലോടെ എടുക്കപ്പെട്ടവരാകട്ടെ അത്ഭുതപ്രവൃത്തികളും മറ്റും ചെയ്തവരാണ്. ഏലിയാവിനെയും ഹാനോക്കിനെയും കുറിച്ചാണു ഞാൻ പറയുന്നത്. അവരുടെ പടങ്ങൾ വച്ച് ആരും ആരാധിക്കുന്നില്ലല്ലോ. യേശു പന്ത്രണ്ടാം വയസ്സിൽ യെരുശലേം ദൈവാലയത്തിൽ പോയി. പെരുന്നാൾ കഴിഞ്ഞ് മാതാപിതാക്കൾ മടങ്ങിപ്പോയപ്പോൾ ബാലനായ യേശു യെരുശലേമിൽ താമസിച്ചത് അമ്മയപ്പന്മാർ അറിഞ്ഞില്ല എന്നാണു ലൂക്കൊസ് 2:43 ൽ കാണുന്നത്. മാതാവിനു എന്തെങ്കിലും ദിവ്യശക്തി ഉണ്ടായിരുന്നുവെങ്കിൽ അവർ മകനെ തിരഞ്ഞുനടക്കേണ്ടിവരുമായിരുന്നില്ല. അതുപോലെ, സ്വന്തം മകനെ ക്രൂശിൽ തറച്ചപ്പോൾ മറ്റു സ്ത്രീകളെപ്പോലെ കുരിശിന്റെ ചുവട്ടിൽ നിസ്സഹായയായി നിലകൊള്ളുവാനേ കഴിഞ്ഞുള്ളൂ. മക

നുവേണ്ടി പിതാവിനോടു അപേക്ഷിക്കുവാൻ അപ്പോൾ മറിയയ്ക്കു കഴിഞ്ഞില്ലല്ലോ. മറിയയെ വന്ദിക്കുവാനോ സ്തുതിക്കുവാനോ മനുഷ്യരെ ചുമതലപ്പെടുത്തിയിട്ടില്ല. ചുമതലപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ ചെയ്യാൻ നമുക്കു മടിയാണ്. എന്നാൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്യാൻ മനുഷ്യർക്കു എന്തൊരു ഉത്സാഹം! ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഒരു മദ്ധ്യസ്ഥൻ മരിച്ചിട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുമാത്രം. ക്രിസ്തു എന്ന ഏകപുരുഷന് നിർമ്മലകന്യകയായി വിവാഹനിശ്ചയം ചെയ്ത ജനമാണ് അവന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ.

കിഴക്കുനിന്നു വന്ന വിദ്യാന്മാർ 'ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു; വീണു അവനെ നമസ്കരിച്ചു' എന്നാണു മത്തായി സുവിശേഷകൻ പറഞ്ഞിരിക്കുന്നത് (മത്തായി 2:11). മാതാവിനെ അവർ നമസ്കരിച്ചില്ല. മരണാനന്തരം മറിയ ഉയിർത്തെഴുന്നേറ്റതായി തെളിവില്ല. മരിച്ചു മൺമറഞ്ഞ ഒരു വ്യക്തിയെ ആരാധിക്കുവാൻ ദൈവവചനം അനുശാസിക്കുന്നില്ല. ആ മാതാവിനു എന്തെങ്കിലും ദിവ്യശക്തി ഉണ്ടായിരുന്നതായും വചനത്തിൽ രേഖയില്ല. എന്നാൽ മറിയ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ ആയിരുന്നു. കാരണം അവർ എന്റെ കർത്താവിന്റെ മാതാവ് ആയിരുന്നു (ലൂക്കൊസ് 1:42-44). മറിയ ഭാഗ്യവതി ആയിരുന്നു. പുറജാതിക്കാരിയായ രൂത്ത് യേശുവിന്റെ വലിയമ്മയായി. യഹൂദനും പുറജാതിയും തമ്മിൽ യാതൊരു സംബന്ധവും ഇല്ലാതിരുന്ന സ്ഥാനത്ത് പുറജാതിക്കാരിയായ രൂത്തിന്റെ മഹാഭാഗ്യമല്ലേ യേശുക്രിസ്തുവിന്റെ വലിയമ്മ എന്ന പദവി ലഭിച്ചത്? എന്നിരുന്നാലും അവരാരും നമ്മുടെ ആരാധന സ്വീകരിപ്പാൻ യോഗ്യരല്ല. ആരാധനയ്ക്കു യോഗ്യൻ ഒരാൾ മാത്രം. 'കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്ത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞുംകൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിൻ മുമ്പിൽ ഇടും (വെളിപ്പാട് 4:11). ആണ്ടിലൊരിക്കലല്ല അവനെ അനുസ്മരിക്കേണ്ടത്. ജീവിതത്തിൽ എപ്പോഴും അവനെ സ്മരിച്ചുകൊണ്ട്, അവനെ പ്രസാദിപ്പിച്ചുകൊണ്ടു നാം ജീവിക്കണമെന്നാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ഈ ക്രിസ്തുമസ്, യേശുക്രിസ്തുവിനെ വ്യക്തിപരമായി അറിയുവാനും അവിടുന്നു താങ്കളുടെ ഹൃദയത്തിൽ ഉരുവാകുവാനും ദൈവം സഹായിക്കട്ടെ. ❑

---

*10-ാം പേജിൽ നിന്നും തുടർച്ച (വിഴുങ്ങുന്ന ശത്രുക്കൾ)*

യെന്നും ദാവീദ് പറയുന്നുണ്ട്. ''ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾതന്നെ എന്റെ ശത്രുക്കൾ പിന്തിരിയുന്നു". എത്ര ശക്തരായ ശത്രുക്കളും ദാവീദ് ദൈവത്തോടു വിളിച്ചപേക്ഷിച്ചാലുടൻ പിന്തിരിയും . നിരാശയോ, ആശങ്കയോ, ആകുലചിന്തയോ ഒക്കെ പിടിവിട്ട് പിന്മാറുന്നതിനുള്ള ഒരു എളുപ്പവഴിയാണത്. "പിശാചിനോട് എതിർത്തുനില്പിൻ. എന്നാൽ അവൻ നിങ്ങളെവിട്ട് ഓടിപ്പോകും". എന്ന യാഥാർത്ഥ്യത്തെ അടിവരയിടുന്ന പരാമർശമാണ് ദാവീദിന്റെ വാക്കുകളിലും കാണുന്നത് (യാക്കോബ് 4:7,8).

എന്നാൽ പിശാചിനോട് എതിർത്തു നില്ക്കുന്നതിനോടൊപ്പം ദൈവത്തോട് അടുത്തുചെല്ലുക എന്നതും കൂടെ അനിവാര്യമാണ്. "ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല" സങ്കീ: 56:4 എന്നതു തന്നെയാണ് ദാവീദിനെപ്പോലെ നാമും പറയേണ്ടതും പ്രാവർത്തികമാക്കേണ്ടതും. നിരാശയും ആശങ്കകളുമൊക്കെ നമ്മെ വിട്ട് ഓടിപ്പോകേണ്ടതിന് ദൈവത്തോടു അടുത്തുചെല്ലുകയും വിളിച്ചപേക്ഷിക്കയും ദൈവത്തിൽ ആശ്രയിക്കയും ചെയ്യാം. ദൈവം കൃപ നല്കട്ടെ. ❑

# യേശുക്രിസ്തു: ചില ചരിത്ര സത്യങ്ങൾ



പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ

**ലോക**ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ സംഭവം കർത്താവായ യേശുക്രിസ്തുവിന്റെ ഒന്നാം വരവാണ്. അവൻ ചരിത്രത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമാണ്. ചരിത്രമെന്നാൽ കഴിഞ്ഞകാല സംഭവങ്ങളുടെ പഠനമാണെങ്കിൽ ചരിത്രത്തിന് ഒരവസാനമുണ്ടാകുമോ? കർത്താവിൽ വിശ്വസിക്കുന്നവർ കർത്താവിനോടുകൂടിയുള്ള നിത്യതയിൽ പ്രവേശിക്കുന്നതോടുകൂടി പിന്നെ ചരിത്രത്തിന് പ്രസക്തി ഇല്ലാതാകുന്നു.

യേശുക്രിസ്തുവിന്റെ രക്തമാണ് നമ്മുടെ സകല പാപവും പോക്കി നമ്മെ നിത്യ സ്വർഗ്ഗത്തിന് അവകാശികളാക്കി മാറ്റിയത്. ക്രിസ്തുവിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ കന്യകാജനനവും, പാപ പരിഹാരബലിയായ ക്രൂശുമരണവും ഉയിർത്തെഴുന്നേല്പുമാണ്. ലോകമെങ്ങുമുള്ള സകല ക്രൈസ്തവവിശ്വാസികളും ഇതെല്ലാം അക്ഷരംപ്രതി വിശ്വസിക്കുന്നു. ക്രിസ്തുയേശു നമുക്കുവേണ്ടി ഭൂമിയിൽ വന്നു എന്നതിന് ഏറ്റവും വലിയ തെളിവ് അവൻ നമ്മിൽ പകർന്നുതന്ന പരിശുദ്ധാത്മാവാണ്. അതുകൂടാതെ ക്രിസ്തുവിന്റെ ശിഷ്യന്മാർ നേരിട്ട് കണ്ടതും, കേട്ടതും, അനുഭവിച്ചറിഞ്ഞതുമായ കാര്യങ്ങൾ അവർ രേഖപ്പെടുത്തിയത് തിരുവചനങ്ങളായി നമ്മുടെ മുമ്പിലുണ്ട്. ഏതെങ്കിലും നിരീശ്വരവാദികളോ, ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്നവരോ വെല്ലുവിളിച്ചാൽ ഒലിച്ചുപോകുന്നതല്ല ക്രൈസ്തവവിശ്വാസം. ക്രൈസ്തവമാർഗ്ഗത്തിന്റെ ആരംഭനാളുകൾ മുതൽതന്നെ ഇതിനെ നശിപ്പിക്കുവാൻ അനേകരാജാക്കന്മാരും ക്രിസ്തുവിരോധികളും, നിരീശ്വരവാദികളും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആയുധബലംകൊണ്ട് ഇതിനെ അടിച്ചമർത്താൻ ശ്രമിച്ചവരും ആശയപരമായ വ്യത്യസ്ത ഇസങ്ങൾ കൊണ്ടുവന്ന് പ്രതിരോധിക്കാൻ ശ്രമിച്ചവരുമെല്ലാം അമ്പേ പരാജയപ്പെട്ടു. ക്രിസ്ത്യാനി ഒരിക്കലും തങ്ങളുടെ വിശ്വാസസംരക്ഷണത്തിനായി ആയുധം എടുക്കേണ്ട കാര്യമില്ല. കാരണം ഇതിന്റെ സ്ഥാപകൻ സാക്ഷാൽ ദൈവമായ കർത്താവായ യേശുക്രിസ്തു തന്നെയാണ്.

ക്രിസ്തുമാർഗ്ഗത്തെ ഒരു തരത്തിലും ആക്രമിച്ച് നശിപ്പിക്കാൻ സാധ്യമല്ലെന്ന് തിരിച്ചറിഞ്ഞ ശത്രുക്കൾ ഇപ്പോൾ വേറെ ചില നമ്പരുകളുമായി ഇറങ്ങിയിട്ടുണ്ട്. അതിലൊന്നാണ് യേശുക്രിസ്തു ചരിത്രപുരുഷനല്ല എന്ന വാദം. നിരീശ്വരവാദികളുടെ 'കോളാമ്പി' എന്നറിയപ്പെടുന്ന ഒരു ചാനലിൽ അവരുടെ ഒരു നേതാവുതന്നെ യേശുക്രിസ്തു ജീവിച്ചിരുന്നതിന് ചരിത്ര തെളിവുകളില്ല എന്ന പച്ചനുണ പറയുന്നത് കേൾക്കുവാനിടയായി. അതായത് യേശുക്രിസ്തുവിനെക്കുറിച്ച് ക്രിസ്തുശിഷ്യന്മാർ എഴുതിയത് (സുവിശേഷങ്ങൾ) മാത്രമെ ഉള്ളൂവെന്നും ചരിത്രകാരന്മാർ ആരും രേഖപ്പെടുത്തിയിട്ടില്ലെന്നും പരസ്യമായി നിരീശ്വരവാദഗ്രൂപ്പുകളിലും, സമ്മേളനങ്ങളിലും പ്രസ്താവിക്കുന്നത് പച്ചകള്ളമാണെന്ന് നാം തിരിച്ചറിയണം. ഇവർ പ്രചരിപ്പിക്കുന്ന ഈ കള്ളവിശ്വാസികളായ പണ്ഡിതന്മാർ ഉചിത

മായ രീതിയിൽ അപ്പപ്പോൾത്തന്നെ തെളിവുകൾ സഹിതം ഖണ്ഡിക്കാറുണ്ട്. എന്നാൽ നമ്മൾ കൊടുക്കുന്ന മറുപടി കണ്ടില്ലെന്ന് നടിച്ച് ഇതേ മണ്ടത്തരം തന്നെ ഈ നിരീശ്വരവാദികൾ മറ്റ് സ്ഥലങ്ങളിലും പ്രചരിപ്പിക്കുന്നു. യഥാർത്ഥ ക്രിസ്തുഭക്തർ ആരും ഇവരുടെ വലയിൽ വീഴില്ല. എന്നാൽ ഇവർ നിരന്തരം പ്രചരിപ്പിക്കുന്ന ഈ കള്ളം കേട്ട് നമ്മുടെ കൂട്ടത്തിലുള്ള ബലഹീന വിശ്വാസികൾ പ്രത്യേകിച്ച് ചെറുപ്പക്കാർ വിശ്വാസത്തിൽ ആടി ഉലയാതിരിക്കുന്നതിനായി ചില ചരിത്രസത്യങ്ങൾ താഴെ കുറിക്കുന്നു.

1947- ആഗസ്റ്റ് പതിനഞ്ചിന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു. ഈ ചരിത്രപ്രധാനമായ സംഭവത്തെക്കുറിച്ച് ആധികാരികമായി രേഖപ്പെടുത്താൻ കഴിയുന്നവർ ആരൊക്കെയാണ്. അന്ന് ഇന്ത്യ ഭരിച്ചിരുന്നത് ഇംഗ്ലീഷുകാരായിരുന്നതുകൊണ്ട് സ്വാതന്ത്ര്യത്തിലേക്ക് നയിച്ച സംഭവ പരമ്പരകൾ കൃത്യമായി രേഖപ്പെടുത്താൻ ഇംഗ്ലീഷുകാരായ ചരിത്രകാരന്മാർക്ക് കഴിയുമല്ലോ. അതിനാൽ ഇന്ത്യ വിഭജനവും ഇന്ത്യയുടെ സ്വാതന്ത്ര്യസമ്പാദനവുമൊക്കെ അറിയുവാൻ നമുക്ക് ആശ്രയിക്കാവുന്ന ആധികാരിക രേഖയാണ് ഡൊമിനിക് ലാപിയറും, ലാറി കോളിൻസും ചേർന്ന് എഴുതിയ സ്വാതന്ത്ര്യം അർദ്ധരാത്രയിൽ എന്ന ഗ്രന്ഥം. അതുപോലെ തന്നെ ഇംഗ്ലീഷുകാരുടെ പക്കൽ നിന്നും സ്വാതന്ത്ര്യം നേടിയ ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു എഴുതിയ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന ഗ്രന്ഥവും ഇക്കാര്യത്തിൽ നമുക്ക് ആശ്രയിക്കാവുന്ന ഗ്രന്ഥമാണ്.

അങ്ങനെയെങ്കിൽ യേശുക്രിസ്തു ചരിത്രപുരുഷനായിരുന്നോ എന്ന വിഷയത്തിൽ ആധികാരികമായി മറുപടി തരുവാൻ കഴിയുന്നത് ആർക്കാണ്? യേശുക്രിസ്തു ജീവിച്ചിരുന്ന യിസ്രായേൽ രാജ്യത്ത്, യേശുക്രിസ്തു ജനിച്ച്, ജീവിച്ച്, മരിച്ച്, ഉയിർത്തെഴുന്നേറ്റ അതേ നൂറ്റാണ്ടിൽതന്നെ (ഒന്നാം നൂറ്റാണ്ട്) ജീവിച്ചിരുന്ന യഹൂദ ചരിത്രകാരന്മാർക്കാണല്ലോ ഇക്കാര്യത്തിൽ കൃത്യമായ വിവരണം തരാൻ കഴിയുന്നത്. അതെ ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന യഹൂദചരിത്രകാരനായ ജോസീഫസ് യേശു ക്രിസ്തുവിനെക്കുറിച്ച് തന്റെ പ്രസിദ്ധ ഗ്രന്ഥമായ Antiquities of Jews (യഹൂദ പഴമ) - ൽ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. യഹൂദന്മാർ ക്രിസ്തുവിന്റെ അനുയായികളെ ക്രൂരമായി പീഡിപ്പിച്ചിരുന്ന കാലഘട്ടത്തിലാണ് ഈ ഗ്രന്ഥം എഴുതിയതെന്ന വസ്തുത നാം മറന്നു പോകരുത്. റോമൻ ആധിപത്യത്തിനെതിരെ കലഹമുണ്ടാക്കിയ ഒരു യഹൂദനായിരുന്നു ജോസീഫസ് എങ്കിലും പിന്നീട് അദ്ദേഹം റോമിൽ ചെന്ന് ചക്രവർത്തിയുടെ ഒരു ആശ്രിതൻ ആയി കഴിയുമ്പോഴാണ് ഈ ഗ്രന്ഥം രചിക്കുന്നത്. അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ റോമൻ ഗവർണറായിരുന്ന പീലാത്തോസ് യേശുവിനെ കുരിശിൽ തറച്ചുകൊന്നുവെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് (പുസ്തകം 20, അദ്ധ്യായം 9).

ഈ ഗ്രന്ഥത്തിൽത്തന്നെ ജോസീഫസിന്റെ സാക്ഷ്യമെന്നറിയപ്പെടുന്ന ഭാഗത്ത് അദ്ദേഹം ഇങ്ങനെ എഴുതുന്നു. ഇക്കാലത്തു യേശു എന്നൊരു ജ്ഞാനിയായ മനുഷ്യൻ ജീവിച്ചിരുന്നു (അദ്ദേഹത്തെ മനുഷ്യനെന്ന് വിളിക്കാമെങ്കിൽ) അനേകം യഹൂദന്മാരും യവനന്മാരും അദ്ദേഹത്തിൽ വിശ്വസിക്കുന്നുണ്ട്. ചിലർ എതിർക്കുന്നുമുണ്ട്. ഞങ്ങളുടെ പ്രമാണിമാരുടെ ആവശ്യപ്രകാരം പീലാത്തോസ് അദ്ദേഹത്തെ ക്രൂശിച്ചു. അദ്ദേഹം മശീഹാ ആണെന്ന് വിശ്വസിക്കപ്പെടുന്നു" (പുസ്തകം 18, അദ്ധ്യായം 3).

യേശുക്രിസ്തുവിനെ ജോസീഫസ് മശീഹയായി കണക്കാക്കിയിരുന്നു എന്നതിനെ ചില ചരിത്രകാരന്മാർ എതിർക്കുന്നുണ്ടെങ്കിലും

അദ്ദേഹം പറഞ്ഞ മറ്റ് കാര്യങ്ങൾ എല്ലാം തന്നെ എല്ലാവരും അംഗീകരിക്കുന്നതാണ്. ക്രിസ്തു എന്ന് വിളിക്കപ്പെടുന്ന യേശുവിന്റെ സഹോദരനായ യാക്കോബിനെക്കുറിച്ച് ഒരു നല്ല വിവരണവും ജോസീഫസ് നല്കുന്നുണ്ട്. (പുസ്തകം 20, അദ്ധ്യായം 9) യോഹന്നാൻ സ്നാപകന്റെ വധത്തെക്കുറിച്ച് വേറൊരു ഭാഗത്ത് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട് (പുസ്തകം 18, അദ്ധ്യായം 5) ഒന്നാം നൂറ്റാണ്ടിലെ ഏറ്റവും പ്രസിദ്ധനായ യഹൂദ ചരിത്രകാരനായ ജോസീഫസിന്റെ എഴുത്തുകൾ കണ്ടില്ലെന്ന് നടിച്ച് ചരിത്രനിഷേധം നടത്തുന്നവരെ ബോധവത്ക്കരിക്കുവാനാണ് ഇത്രയും എഴുതിയത്.

ഇനി യേശുക്രിസ്തുവിന്റെ കാലത്ത് യിസ്രായേൽ ദേശത്തിന്റെ ഭരണം നടത്തിയിരുന്ന റോമക്കാരിൽ ഏതെങ്കിലും ചരിത്രകാരന്മാർ യേശുക്രിസ്തുവിനെക്കുറിച്ച് എഴുതിയിട്ടുണ്ടോ എന്ന് പരിശോധിക്കാം. എ.ഡി. 56 മുതൽ 120 വരെ ജീവിച്ചിരുന്ന റോമൻ ഗവർണറും ചരിത്രകാരനുമായ ടാസിറ്റസ് തന്റെ The ANNALS എന്ന ഗ്രന്ഥത്തിൽ ക്രിസ്തുവിനെയും ക്രിസ്ത്യാനികളെയും കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട് (പുസ്തകം 15, അദ്ധ്യായം 44) പീലാത്തോസിന്റെ കാലത്ത് യേശു ക്രൂശിക്കപ്പെട്ട കാര്യം ഇദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. എ.ഡി. 64-ൽ റോമിൽ ഉണ്ടായ ഭയാനകമായ അഗ്നി ബാധയെക്കുറിച്ചും, ഇതിന്റെ പേരിൽ നടന്ന അതിക്രൂരമായ ക്രിസ്തീയ പീഡയും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ സ്വീകരിച്ച വിവിധ നടപടികളെക്കുറിച്ച് ടാസിറ്റസ് എഴുതിയത് വളരെ ആധികാരിമായി ത്തന്നെ എല്ലാ ചരിത്രകാരന്മാരും അംഗീകരിച്ചതാണ്.

ഇതു കൂടാതെ ബിഥന്യായിലെ മജിസ്ട്രേറ്റായിരുന്ന പ്ലിനിയുടെ എഴുത്തുകൾ ക്രിസ്തുവിനെക്കുറിച്ചും ക്രിസ്ത്യാനികളെക്കുറിച്ചും വളരെ വിലപ്പെട്ട് അറിവുകൾ നല്കുന്നു. എ.ഡി. 61-ൽ ജനിച്ച അദ്ദേഹം റോമൻ ചക്രവർത്തിയായിരുന്ന ട്രാജനോട് അവിടെയുള്ള ക്രിസ്ത്യാനികളെ എങ്ങനെ വിചാരണ ചെയ്യണമെന്ന കാര്യത്തിൽ അഭിപ്രായം ചോദിച്ചുകൊണ്ട് കത്തെഴുതിയിരുന്നു. ട്രാജൻ ചക്രവർത്തിക്ക് പ്ലിനി എന്ന മജിസ്ട്രേറ്റ് വിവിധ വിഷയങ്ങളിലെ ഉപദേശം ചോദിച്ചു കൊണ്ട് എഴുതിയ 240-ൽ പരം കത്തുകൾ കണ്ടുകിട്ടിയിട്ടുണ്ട്. ഇവിടുള്ള ക്രിസ്ത്യാനികൾ വളരെ ഭക്തരും, ഉറപ്പുള്ളവരും ക്രൂരമായ പീഡനത്തിനുപോലും മാറ്റാൻ കഴിയാത്തവരുമാണെന്ന് ഇദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അവർ റോമൻ ദേവന്മാരെ നമസ്കരിക്കുന്നില്ല; എന്നാൽ യാതൊരുവിധ ആക്രമണങ്ങളും ചെയ്യാത്തവരും, പാട്ടും പ്രാർത്ഥനയുമൊക്കെയായി കഴിയുന്നവരും, ഭക്ഷണം പങ്കിട്ടു ജീവിക്കുന്നവരുമൊക്കെയാണെന്നതുമാണ് ഈ കത്തുകളുടെ ഉള്ളടക്കം. ഇവരുടെ വിശ്വാസം പകർച്ചവ്യാധിപോലെ പടരുന്നു എന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

മേല്പ്പറഞ്ഞ തരത്തിൽ കൃത്യവും വ്യക്തവുമായ ചരിത്രരേഖകൾ യഹൂദചരിത്രകാരന്മാരും റോമൻ ചരിത്രകാരന്മാരും ആദ്യ നൂറ്റാണ്ടുകളിൽത്തന്നെ രേഖപ്പെടുത്തിയിട്ടുള്ളത്. ചരിത്രനിഷേധികളായ നിരീശ്വരവാദികൾക്ക് കനത്ത വെല്ലുവിളിയായി തെളിഞ്ഞു നില്ക്കുന്നു. ബൈബിളിന് പുറത്ത് യേശുക്രിസ്തു ചരിത്രപുരുഷനായിരുന്നോ എന്ന് തെളിയിക്കുവാൻ ഏറ്റവും യോഗ്യതയുള്ളത് അന്നത്തെ യഹൂദാ, റോമൻ ചരിത്രകാരന്മാർക്കാണല്ലോ. അവരത് സത്യസന്ധമായും, നിഷ്പക്ഷമായും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന വസ്തുത എല്ലാ വിശ്വാസികളുടെയും പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങളുടെയും അറിവിനായി കുറിക്കുന്നു. ❑

# സെമ്പെർ ഫിഡെലിസ്

ജോർജ് ജോൺ തിരുവനന്തപുരം



**സെ**മ്പെർ ഫിഡെലിസ് (Semper Fidelis) എന്നുവച്ചാൽ 'എല്ലായ്പ്പോഴും വിശ്വസ്തൻ' (Always Faithful) എന്നാണർത്ഥം. ഇതൊരു ലാറ്റിൻ പദപ്രയോഗമാണ്. യു. എസ്. ആർമിയുടെ പ്രത്യേക ദൗത്യസേന(Task force)യായ യു. എസ്. മറീൻസിന്റെ (U.S. Marines) മുദ്രാവാക്യം (motto) ആണിത്. ദൈവമക്കൾക്ക് ഏറ്റവും അനുയോജ്യമായ മുദ്രാവാക്യമായി ഇതിനെ കരുതേണ്ടതാണ്.

വിശ്വാസം, വിശ്വസ്തത എന്നീ വാക്കുകൾ വ്യത്യസ്തമാണെങ്കിലും പരസ്പരം ബന്ധപ്പെട്ടതാണ്. ഒരാൾക്ക് തന്നിലോ മറ്റൊരാളിലോ താൻ ഉൾപ്പെട്ടു നില്ക്കുന്ന സമൂഹത്തിലോ ഏതെങ്കിലും വസ്തുവിലോ വ്യവസ്ഥിതിയിലോ ആശ്രയിക്കാമെന്നുള്ള ബോധ്യമാണ് അവയിലുള്ള വിശ്വാസം എന്നു പറയാം. പലപ്പോഴും നമുക്ക് പലതിലുമുള്ള വിശ്വാസം നഷ്ടപ്പെടുന്ന അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. വളരെ നല്ലവനെന്നു നമ്മൾ കരുതുന്ന ഒരാൾ നല്ലതല്ലാത്ത ഏതെങ്കിലും പ്രവൃത്തിയിലേർപ്പെട്ടതായി അറിയുമ്പോൾ ആ വ്യക്തിയിലുണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെടുന്നു. ക്രൂരവും മനുഷ്യത്വരഹിതവുമായ പ്രവർത്തനങ്ങളിലേർപ്പെടുന്ന വ്യക്തികൾ "വേണ്ടത്ര തെളിവില്ല" എന്ന ന്യായത്തിൽ അവർ അർഹിക്കുന്ന ശിക്ഷയിൽ നിന്നും രക്ഷപ്പെടുമ്പോൾ അതിനു സഹായകരമായ വ്യവസ്ഥിതിയിൽ നമുക്കുണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെടുന്നു. എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നമ്മുടെ ചുറ്റുംപാടും നിന്ന് പെറുക്കിയെടുക്കാം. കുഞ്ഞുങ്ങൾക്ക് സദുപദേശം നല്കി സദാചാരമാർഗ്ഗങ്ങളിൽ അവരെ നയിക്കാൻ ചുമതലപ്പെട്ട അധ്യാപകനോ പുരോഹിതനോ അവരെ വഴിതെറ്റിക്കുമ്പോഴും, നിയമപാലകരായ ഉദ്യോഗസ്ഥർ നിയമങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട് സാധാരണക്കാരായ ജനങ്ങളെ പീഡിപ്പിക്കുമ്പോഴും, നീതിന്യായക്കോടതികൾ നീതിയും ന്യായവും മറന്ന് ദുഷിച്ച സ്വാധീനങ്ങൾക്കു വശംവദരായി തികച്ചും ന്യായരഹിതമായി പ്രവർത്തിക്കുമ്പോഴും പെൺമക്കളുടെ മാനം സംരക്ഷിക്കേണ്ട മാതാപിതാക്കൾതന്നെ അവരെ മാനം കെടുത്തുമ്പോഴും എല്ലാം അവരിലർപ്പിച്ചിരിക്കുന്ന വിശ്വാസം അപ്പാടെ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. വ്യക്തികളിലും സമൂഹത്തിലും സ്വന്തം കഴിവുകളിലുമുള്ള വിശ്വാസത്തെക്കാൾ എത്രയോ വലുതാണ് ദൈവത്തിലുള്ള വിശ്വാസം. എന്നാൽ ദൈവം ഉണ്ടെന്നുപോലും വിശ്വസിക്കാത്ത എത്രയോ ആളുകളെ ഈ നാളുകളിൽ നാം കണ്ടുമുട്ടിയെന്നു വരാം. അഥവാ, ദൈവവിശ്വാസം ഉണ്ടെന്ന് അവകാശപ്പെടുന്നവർപോലും പലപ്പോഴും മിഥ്യാമൂർത്തികളിലും ആൾദൈവങ്ങളിലും തങ്ങളുടെ വിശ്വാസം അർപ്പിച്ചിരിക്കുന്നതായി കാണാം. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷപ്രാപിച്ചവരെയാണ് വിശ്വാസികൾ എന്നു നാം വിളിക്കുന്നത്. എന്നാൽ ഇക്കാലത്ത് വിശ്വാസികൾ എന്ന പദം വളരെ ലാഘവത്തോടെ പ്രയോഗിച്ചിരിക്കുന്നതായി കാണാൻ കഴിയും. കേവലം മിഥ്യാമൂർത്തികളിലും ആൾദൈവങ്ങളിലും വിശ്വസിക്കുന്നവരെപ്പോലും വിശ്വാസികൾ എന്നു നാമകരണം ചെയ്യുന്നതിന് വാർത്താ മാധ്യമങ്ങളും രാഷ്ട്രീയക്കാരും ഒരുമ്പെടാറുണ്ട്.

വിശ്വസ്തത എന്നത് ഒരു യോഗ്യത (qualification) യാണ്. വിശ്വസിക്കാനും ആശ്രയിക്കാനും കൊള്ളാവുന്ന അവസ്ഥയ്ക്കാണ് വിശ്വസ്തത എന്ന് പറയുന്നത്. വിശ്വസ്തതയെക്കുറിച്ചുള്ള അനേക പരാമർശങ്ങൾ വിശുദ്ധ വേദപുസ്തകത്തിലുണ്ട്. സർവ്വശക്തനായ ദൈവത്തിന്റെ സ്വഭാവമഹിമയിൽപെട്ടതാണ് വിശ്വസ്തത എന്നു സൂചിപ്പിക്കുന്ന അന

വധി വേദഭാഗങ്ങൾ നമുക്കു കാണാൻ കഴിയും. "നിന്റെ വിശ്വസ്തതയെ നീ സ്വർഗ്ഗത്തിൽ സ്ഥിരമാക്കിയിരിക്കുന്നു," "യഹോവേ നിന്റെ വിശ്വസ്തത നിന്നെ ചുറ്റിയിരിക്കുന്നു" "ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു" (സങ്കീ 89:2,8,14), "നിന്റെ വിശ്വസ്തത മേഘങ്ങളോളവും എത്തുന്നു" സങ്കീ. 36:5. "അവന്റെ വിശ്വസ്തത തലമുറ തലമുറയോളം ഇരിക്കുന്നു" (സങ്കീ 100:7) ''വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായവൻ" (വെളി. 3:14) ഇത്യാദി വചനഭാഗങ്ങൾ ഇതിനുദാഹരണമാണ്.

നമ്മെ വിളിച്ചവനായ ദൈവം വിശ്വസ്തനായിരിക്കുന്നതുപോലെ ദൈവമക്കളായ നാമും എല്ലായ്പ്പോഴും വിശ്വസ്തരായിരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. "ദേശത്തിലെ വിശ്വസ്തന്മാർ എന്നോടുകൂടെ വസിക്കേണ്ടതിന് എന്റെ ദൃഷ്ടി അവരുടെമേൽ ഇരിക്കുന്നു" (സങ്കീ. 101:6). കൂടാതെ വിശ്വസ്തത ഭൂമിയിൽ നിന്നും മുളയ്ക്കുന്നു'' എന്നും "ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു" എന്നും സങ്കീ. 85 ൽ വായിക്കുന്നു. ഭൂമിയിലെ വിശുദ്ധന്മാരിൽ നിന്ന് മുളയ്ക്കുന്ന വിശ്വസ്തതയാണ് സ്വർഗ്ഗത്തിലെ ദൈവത്തിൽ നിന്നുള്ള ദയയുമായി എതിരേറ്റിരിക്കുന്നത്. എന്നാൽ ദൈവമക്കളായ നാം എല്ലായ്പ്പോഴും എല്ലാകാര്യത്തിലും വിശ്വസ്തരാണോ എന്ന് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. നാം ജോലി ചെയ്യുന്ന ഓഫീസുകളിലെ സ്റ്റേഷനറി അനധികൃതമായി എടുത്ത് സ്വന്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമുതൽ കസ്റ്റംസിൽ ഡിക്ലയർ ചെയ്യാതെ സാധനങ്ങൾ കടത്തുക, വസ്തുക്കൾ വാങ്ങുമ്പോൾ ആധാരത്തിൽ വില കുറച്ചു കാണിക്കുക, പണം കടം ചോദിക്കുന്നവരോട്, ബാങ്കിൽ പണം ഉള്ളപ്പോൾ തന്നെ "അയ്യോ എന്റെ കൈയിൽ ഇല്ലല്ലോ. ഉണ്ടായിരുന്നെങ്കിൽ തരാമായിരുന്നു" എന്നു പറയുക, പഴയതും കീറിയതുമായ കറൻസി നോട്ടുകൾ സ്തോത്രകാഴ്ച സഞ്ചിയിലിടുക മുതലായ ചെറുതും വലുതുമായ അവിശ്വസ്തതകൾക്ക് ചിലരെങ്കിലും ചിലപ്പോഴെങ്കിലും വശംവദരായിത്തീരാറില്ലേ? അങ്ങനെ വന്നാൽ "എല്ലായ്പ്പോഴും വിശ്വസ്തൻ" എന്ന മുദ്രാവാക്യത്തിന് നാം യോഗ്യരാണോ?

ഞങ്ങൾ വിദേശത്തായിരുന്നപ്പോൾ 'ഫിഡെലിസ് എന്നു പേരുള്ള ഒരു വീട്ടുജോലിക്കാരൻ (house boy) ഉണ്ടായിരുന്നു. നല്ല അനുസരണശീലവും ശാന്തസ്വഭാവവുമുള്ള ഒരു ചെറുപ്പക്കാരൻ. പേരുപോലെതന്നെ അവൻ വിശ്വസ്തനാണെന്നാണ് ഞങ്ങൾ കരുതിയത്. ഒരിക്കൽ വീടു സൂക്ഷിക്കാൻ ഫിഡെലിസിനെ ഏല്പിച്ചിട്ട് ഞങ്ങൾ ഒരു ദീർഘയാത്രയ്ക്കുപോയി. മടങ്ങിവന്നപ്പോൾ വീട് വളരെ ഭദ്രമായി ഞങ്ങളെ തിരിച്ചേല്പിച്ചു. ഏതാനും ദിവസം കഴിഞ്ഞ് വീടിനുള്ളിൽ പൂട്ടിയിട്ടിരുന്ന സ്റ്റോർമുറി തുറന്നു നോക്കിയപ്പോൾ പല ഷെൽഫുകളും ഒഴിഞ്ഞുകിടക്കുന്നതായി കണ്ടു. അപ്പോഴാണ് മനസ്സിലായത് ഫിഡെലിസിന്റെ പക്കൽ ഒരു കള്ളത്താക്കോൽ ഉണ്ടായിരുന്നെന്നും ഞങ്ങളുദ്ദേശിച്ചതുപോലെ ഫിഡെലിസ് എല്ലായ്പ്പോഴും അത്ര ഫിഡെലിസ് (വിശ്വസ്തൻ) അല്ലായിരുന്നെന്നും. ഇങ്ങനെയുള്ള ചില 'വിശ്വസ്തരെയും' നമുക്ക് ചിലപ്പോൾ കാണാൻ കഴിഞ്ഞേക്കും. 12-ാം സങ്കീർത്തനത്തിൽ ഇങ്ങനെ വായിക്കുന്നു: 'യഹോവേ രക്ഷിക്കേണമേ.... വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു'' (വാ. 1). ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ വചനം എത്രയോ അന്വർത്ഥമാണ്!

വിശ്വസ്തത എന്നത് ഏകദിശയിൽ (oneway) മാത്രമുള്ള ഒന്നല്ല. ഭാര്യ ഭർത്താവിനോട് വിശ്വസ്തയായിരിക്കേണ്ടതുപോലെ ഭർത്താവ് ഭാര്യയോടും വിശ്വസ്തത പാലിക്കണം. കീഴ്ജീവനക്കാർ നമ്മോട് വിശ്വസ്തരായിരിക്കേണം എന്ന് ആഗ്രഹിക്കുന്നതുപോലെ അവരോട് നാമും വിശ്വസ്തരായിരിക്കണം. ദാസൻ യജമാനനോടും യജമാനൻ ദാസനോടും മക്കൾ മാതാപിതാക്കളോടും മാതാപിതാക്കൾ മക്കളോടും അദ്ധ്യാപകർ വിദ്യാർത്ഥികളോടും വിദ്യാർത്ഥികൾ അദ്ധ്യാപകരോടും സ്നേഹിതന്മാർ തമ്മിൽതമ്മിലും പാലിക്കേണ്ട ഒന്നാണ് വിശ്വസ്തത. ദൈവമക്കളായ നാം എല്ലാ കാര്യങ്ങളിലും എല്ലായ്പ്പോഴും വിശ്വസ്തരായിരിക്കണമെന്നാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ആ ദൈവഹിതത്തോട് അനുരൂപരാകുന്നവർക്കു മാത്രമേ ''നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്നുള്ള സംബോധന ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നില്ക്കുമ്പോൾ കേൾക്കാൻ സാധിക്കയുള്ളൂ. ❑

# ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക

മഹേശ്വരി പുരന്ദരൻ, കൊടുങ്ങല്ലൂർ



**അ**പ്പന്റെയോ അമ്മയുടെയോ വാക്കു കേൾക്കാതെയും അവർ ശാസിച്ചാലും അനുസരിക്കാതെയും ഇരിക്കുന്ന ശഠനും മത്സരിയുമായ മകൻ ഒരുത്തന് ഉണ്ടെങ്കിൽ അമ്മയപ്പന്മാർ അവനെ പിടിച്ചു പട്ടണത്തിലെ മൂപ്പന്മാരുടെ അടുക്കൽ പട്ടണവാതില്ക്കലേക്കു കൊണ്ടു പോയി: ഞങ്ങളുടെ ഈ മകൻ ശഠനും മത്സരിയും ഞങ്ങളുടെ വാക്കു കേൾക്കാത്തവനും തിന്നിയും കുടിയനും ആകുന്നു എന്നു പട്ടണത്തിലെ മൂപ്പന്മാരോടു പറയേണം. പിന്നെ അവന്റെ പട്ടണക്കാർ എല്ലാവരും അവനെ കല്ലെറിഞ്ഞുകൊല്ലേണം. ഇങ്ങനെ നിങ്ങളുടെ ഇടയിൽ നിന്ന് ദോഷം നീക്കിക്കളയേണം; യിസ്രായേലെല്ലാം കേട്ടു ഭയപ്പെടേണം (ആവ: 21:18-21). അനേകം ജാതികൾ ലോകത്തിൽ ഉള്ളപ്പോൾ തന്നെയാണ് യിസ്രായേൽ ജനത്തിന് ഇങ്ങനെ ഒരു കല്പന കൊടുത്തിരുന്നത്. അന്ത്യകാലത്ത് വരുവാനുള്ള ദുർഘടസമയങ്ങളെക്കുറിച്ച് പൗലൊസ് തിമൊഥെയോസിന് എഴുതിയപ്പോൾ അമ്മയപ്പന്മാരെ അനുസരിക്കാത്ത തലമുറയുണ്ടാകും എന്ന് എഴുതിയത് ഈ കാലഘട്ടത്തിൽ അന്വർത്ഥമായിരിക്കുന്നു. എവിടെ നോക്കിയാലും വളർന്നുവരുന്ന തലമുറ ശഠനും, മത്സരിയുമായാണ് കാണുന്നത്. ഇന്ന് വിശ്വാസസമൂഹത്തിലും തലമുറകളെ നിയന്ത്രിച്ചുവളർത്താൻ വളരെ ദൈവാശ്രയം ആവശ്യമാണ്. കുഞ്ഞുങ്ങൾ ടെക്നോളജിയുടെ കീഴിലായിരിക്കുന്നു. അവരുടെ പഠനത്തിന് സ്മാർട്ട്ഫോണും ഇന്റർ നെറ്റും ടി.വി.യുമെല്ലാം ആവശ്യമായി വന്നിരിക്കുന്നു. അവർ അത് ദുരുപയോഗം ചെയ്യുമോ എന്ന് മാതാപിതാക്കൾ ഭയപ്പെടുന്നു. കുഞ്ഞുങ്ങളെ നിയന്ത്രിക്കാൻ വളരെ പ്രയാസമായിരിക്കുന്നു. മോശെ മുഖാന്തരം യിസ്രായേൽ മക്കൾക്ക് കൊടുത്ത കല്പന ഈ കാലഘട്ടത്തിൽ നമുക്ക് തന്നിരുന്നുവെങ്കിൽ എന്താകുമായിരുന്നു എന്ന് ഓർത്തുനോക്കുക!

**1.** ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല (സദൃ 22:16). ബാലനെ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കേണ്ട കടമ മാതാപിതാക്കൾക്കുള്ളതാണ്, എങ്കിൽ മക്കൾ വഴി തെറ്റിപ്പോയാൽ ഉത്തരവാദിത്തവും അവർക്കു തന്നെയാണ്. ഒരു കുഞ്ഞു വളർന്നു വരുന്ന ചുറ്റുപാടുകൾ അവന്റെ ജീവിതത്തിന് വളരെ സ്വാധീനം ചെലുത്തുന്നതാണ്. മാതാപിതാക്കളെയാണ് അവർ ആദ്യം അനുകരിക്കാൻ ശ്രമിക്കുന്നത്. ക്രിസ്തീയ ഭവനങ്ങളിൽ ആത്മീയ അന്തരീക്ഷത്തിൽ കുഞ്ഞുങ്ങളെ വളർത്തണം. മാതാപിതാക്കൾ ലോകമോഹം വെടിഞ്ഞ് ദൈവകൃപയിൽ ജീവിച്ച് മക്കൾക്ക് മാതൃക കാട്ടുകയും വേണം. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ഊഷ്മളതയിൽ സമാധാനവും സന്തോഷവും നിറഞ്ഞ ചുറ്റുപാടിൽ കുഞ്ഞുങ്ങൾ വളരണം. മുതിർന്നവരെ ബഹുമാനിക്കാൻ അവരെ പഠിപ്പിക്കണം. അവരുടെ ഭവനം അവർക്ക് ഒരു ആത്മിക കളരിയായിരിക്കണം. ശൈശവപ്രായത്തിൽ അവർക്ക് ലഭിക്കുന്ന പാഠങ്ങൾ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല. സ്നേഹത്തിൽ നിന്നാണ് എല്ലാ നന്മകളും ഉടലെടുക്കുന്നത്. ദൈവം നമ്മെ സ്നേഹിച്ചതുകൊണ്ട് തന്റെ ഏകജാതനായ പുത്രനെ നമുക്കുവേണ്ടി കാൽവറി ക്രൂശിൽ തകർത്ത് നമ്മെ വീണ്ടെടുത്തു.

**2.** വടിയും ശാസനയും ജ്ഞാനത്തെ നല്കുന്നു; തന്നിഷ്ടത്തിന് വിട്ടിരുന്ന ബാലനോ അമ്മയ്ക്കു ലജ്ജ വരുത്തുന്നു (സദൃ.29:15). ഒരു ശിശുവിന്റെ സ്വഭാവരൂപീകരണത്തിന് പ്രഥമസ്ഥാനം അമ്മയ്ക്കു തന്നെയാണ്. മുലയൂട്ടുന്ന പ്രായം മുതൽ കുഞ്ഞിന്റെ ദൃഷ്ടി

ഏറ്റവും കൂടുതൽ പതിയുന്നത് അമ്മയിലേക്കാണ്. അവർ വളരുന്തോറും അമ്മയുടെ പ്രവൃത്തികൾ സസൂക്ഷ്മം നിരീക്ഷിച്ച് അതുപോലെ അനുകരിക്കാൻ ശ്രമിക്കുന്നു. ദൈവഭക്തിയോടെ ജീവിക്കുന്ന ഒരു മാതാവിന്റെ കുഞ്ഞ് അപ്രകാരം വളർന്നുവരും. കർത്താവിന്റെ പത്ഥ്യോപദേശത്തിൽ പോറ്റി വളർത്തുന്ന കുഞ്ഞുങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കയും മറ്റുള്ളവരിലേക്കു പ്രകാശം പരത്തുകയും ചെയ്യുന്നു. നന്മയും തിന്മയും തിരിച്ചറിഞ്ഞ് ജ്ഞാനിയായി വളരാൻ അവരുടെ നല്ല പ്രവൃത്തികളെ പ്രശംസിക്കയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതുപോലെ തെറ്റുചെയ്യുമ്പോൾ ശാസിക്കയും ശിക്ഷിക്കയും വേണം. ഒരു കുഞ്ഞു സത്സ്വഭാവിയായി വളർന്നാൽ അമ്മ പ്രശംസിക്കപ്പെടുന്നതുപോലെ താന്തോന്നിയായി വളർന്നാൽ ലജ്ജിക്കപ്പെടുന്നതും അമ്മ തന്നെയായിരിക്കും.

മോശെക്കുഞ്ഞിനെ അമ്മ തന്റെ ദൈവത്തെക്കുറിച്ചും ജനത്തെക്കുറിച്ചും പറഞ്ഞുകൊടുത്തു വളർത്തിയതുകൊണ്ട് ഫറവോന്റെ അരമനയിൽ സകലപ്രൗഢിയോടെ ജീവിച്ചിട്ടും അതെല്ലാം ഉപേക്ഷിച്ച് തന്റെ ജനത്തിന്റെ രക്ഷയ്ക്കായി ഇറങ്ങി പുറപ്പെട്ടു. ഹന്നാ ശമൂവേൽ ബാലനെ "നീ ദൈവത്തിന് നിവേദിതനാണ്" എന്നു പറഞ്ഞു വളർത്തിയതുകൊണ്ട് ശമൂവേൽ യഹോവയുടെ ആലയത്തിൽ ഒരു നല്ല പുരോഹിതനായി ജീവിച്ചു.

ദൈവം അത്ഭുതകരമായി ആയുസ്സ് നീട്ടിക്കൊടുത്ത ഒരു കുഞ്ഞിനെ കർത്തൃവേലയ്ക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വളർത്താൻ ആഗ്രഹിക്കുന്ന ഒരു മാതാവിനെ പരിചയപ്പെടുവാനും അവരോടൊത്ത് പ്രാർത്ഥിക്കാനും ഈ കൊറോണക്കാലം എന്നെ സഹായിച്ചു. കുഞ്ഞു ജനിച്ചപ്പോൾ തന്നെ ഹൃദയത്തിന് വളരെ പ്രശ്നങ്ങളും മുച്ചുണ്ടും ഉണ്ടായിരുന്നു. SAT യിലെ വിദഗ്ദ ഡോക്ടേഴ്സ് ദിവസങ്ങൾ മാത്രമേ കുഞ്ഞ് ജീവിച്ചിരിക്കുകയുള്ളൂ എന്നും ജീവിച്ചിരുന്നാൽ തന്നെ കിടന്ന കിടപ്പ് കിടക്കും എന്ന് വിധി എഴുതി. ഇതറിഞ്ഞ് അവരെ പരിചയമുള്ളതും കർത്തൃവേലയിൽ ശുഷ്കാന്തി ഉള്ളതുമായ ഒരു കുടുംബം നിരന്തരം അവിടെ ചെന്ന് പ്രാർത്ഥിക്കുകയും കുഞ്ഞിന്റെ മാതാപിതാക്കളെ കർത്തൃവിശ്വാസത്തിലേക്ക് കൈ പിടിച്ച് നടത്തുകയും വചനത്തിൽ ഉറപ്പിക്കുകയും ചെയ്തു. ദൈവം പ്രാർത്ഥന കേട്ട് അത്ഭുതകരമായി ആ കുഞ്ഞിന് സൗഖ്യം നല്കി. ഇപ്പോൾ കുഞ്ഞിന് 3 വയസ്സ് തികഞ്ഞു. അവൻ പൂർണ്ണ ആരോഗ്യവാനായിരിക്കുന്നു. ആ മാതാവിന്റെ പ്രാർത്ഥന പോലെ അവൻ വളർന്നു ദൈവത്തിന് പ്രയോജനപ്പെടട്ടെ എന്ന് പ്രാർത്ഥിക്കാം.

**3.** ബാലന് ശിക്ഷ കൊടുക്കാതിരിക്കരുത്; വടി കൊണ്ട് അടിച്ചാൽ അവൻ ചത്തുപോകയില്ല. വടികൊണ്ട് അവനെ അടിക്കുന്നതിനാൽ നീ അവന്റെ പ്രാണനെ പാതാളത്തിൽ നിന്നു വിടുവിക്കും (സദൃ.23:13-14). തിരുവചനം നാം അനുസരിക്കേണ്ടതാണ്. ചെറുപ്പത്തിലേ കുഞ്ഞുങ്ങളെ ശിക്ഷിച്ചു വളർത്തണം എന്നുള്ള ദൈവകല്പനയ്ക്ക് എതിരായി ശിക്ഷിക്കുന്നത് തെറ്റാണ് എന്ന് പഠനങ്ങൾ തെളിയിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് അദ്ധ്യാപകരും രക്ഷകർത്താക്കളും വടി ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുകയാണ്. അനുസരണമില്ലാത്ത തലമുറയെ വാർത്തെടുക്കാൻ ഈ ലോകത്തിന്റെ പ്രഭു ആയ സാത്താന്റെ തന്ത്രമാണതെന്ന് ദൈവമക്കൾ എങ്കിലും തിരിച്ചറിയുകയും തങ്ങളുടെ കുഞ്ഞുങ്ങളെ തെറ്റു ചെയ്യുമ്പോൾ ശിക്ഷിച്ച് അനുസരണത്തിൽ വളർത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. ശൈശവത്തിലേ ശാസിച്ചും ശിക്ഷിച്ചും വളർത്തുന്ന കുഞ്ഞുങ്ങൾ വലുതായി വരുമ്പോൾ അവർ ചെയ്യുന്ന തെറ്റുകൾ നിയന്ത്രിക്കാൻ മാതാപിതാക്കൾക്ക് കഴിയും. അവർ അവരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യും. എന്നാൽ അമിതലാളന കൊടുത്ത് ശാസിക്കേണ്ട സമയത്ത് ശാസിക്കാതെയും ശിക്ഷിക്കേണ്ട സമയത്ത് ശിക്ഷിക്കാതെയും അവരുടെ തെറ്റുകൾ നിസ്സാരമായി എടുത്ത് അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് മുൻതൂക്കം കൊടുത്ത് അവരെ വളർത്തിയാൽ തന്നിഷ്ടക്കാരായി വളരുകയും പിന്നീട് അവരുടെ തെറ്റുകൾ നമുക്ക് തിരുത്താൻപോലും കഴിയാത്ത ഒരു അവസ്ഥയിലേക്ക് ചെന്നെത്തുകയും ചെയ്യുന്നു.

*ശേഷം 28-ാം പേജിൽ*

# STAY SHARRP! FLEE FROM TEMPTATION



**Dr. Helen Abraham, Chennai**

As Christians, we all often encounter temptations all around us. It takes various forms. It may be a habit that we can't get rid of, or an excessive desire towards worldly riches, being drawn towards bad influences and company, or even desiring fame and success more than God.

The very first man and woman who lived on earth were tempted too. And what a change that made in the course of history! Have you ever wondered what life on earth would be like, if Adam and Eve hadn't yielded to temptation but fled from it instead? We would probably be living in a very different world where we could freely eat fruits from trees without labor, there's no rent or taxes to be paid and have more time in fellowship with God instead of being consumed with the stress, toils and cares of our worldly needs. Imagine how relieved women would be with painless natural child birth and no fuss about epidurals and C-sections. What a blessed life has been forfeited with the 'fall of man'.

Temptations, if not overcome, will be a stumbling block in our spiritual growth. Yielding to temptation has serious consequences. The Bible categorizes temptations into 3 kinds, lust of the flesh, lust of the eyes and the pride of life. Our Lord Jesus became the perfect example for us by overcoming these 3 temptations, when he was tempted by the devil in the wilderness. How can we guard ourselves from falling prey to the devil's temptation? Stay SHARRP! If you notice the double 'R', it stresses the importance of it all the more.

S – Submit to God

H – Harden not your heart

A- Abide in God

R- Run or flee from youthful lusts

R- Resist the devil

P – Pray watchfully

**S- Submit to God**

In this pandemic age, many of us would have not only understood but also experienced the influence of soap on the corona virus. Soap repels the virus. We can compare our righteous God to soap and the virus to the devil's temptation. As long as we wash our hands with soap, the virus stays away from our hands. We read in James 4:7, when we submit to God and draw nigh unto him, he will draw nigh unto us. And when God is nigh unto us, the devil is repelled and cannot draw nigh to us to tempt us.

**H- Harden not your heart**

Imagine that you are a balloon and temptation is a pin lurking in the corner, waiting to burst the balloon. The burst the balloon experiences can be thought of as 'guilty consciousness' or a warning of the Holy Spirit reminding us to stay away from the pin of temptation. However, a striking feature of temptation that renders it very dangerous is that, when we repeatedly put ourselves in tempting situations, or succumb to it time and again, the 'burst' stops happening! Our hearts get hardened and we lose the guilty consciousness associated with committing sins and ignore the warning of

the Holy Spirit . It becomes a way of life. This explains why even prisoners who have suffered punishment still go back to doing crimes. Their hearts are hardened and they do not experience guilt or the threat of the consequence of their actions. It is interesting to note that the same holds true for the balloon. It bursts when it is pricked by 'a' pin but doesn't when it is put on a bed of pins. Psalm 95:8 says 'Harden not your heart as in the day of provocation, and as in the day of temptation in the wilderness'.

**A – Abide in God**

I John 1:6 says whosoever abides in God does not sin. When we abide in God, we are safe from sin and temptation. We must therefore, always be conscious of God's presence with us and the Holy Spirit abiding within us. There was once a dog who was loved by his master. The master laid down some ground rules from the beginning, and one of it was that the dog was strictly forbidden from getting onto the couch. If the dog disobeyed, the master would reprimand it and soon enough, the dog was trained and it was always so faithful and obedient that the master was so proud and would brag about its obedience to all his friends. One night as the man couldn't sleep, he woke up in the middle of the night to get some water to drink. As he passed by the living room, to his utter disappointment and shock he found his dog snugly sleeping on the couch. As it turned out, the dog was so tempted by the cozy couch as opposed to the cold floor that it was sleeping on it every day after his master was asleep and made sure to get down on the floor well before his master awoke! The dog was very obedient, it would never even go near the couch – when his master was around! But when he was not around, it succumbed to temptation. Friends, this shows us how important it is to abide in God, our Master, to overcome temptation. God is always with us; we only need to be aware of his presence. That will definitely increase our resistance threshold to temptation.

**R- Run or Flee from youthful lusts**

When we read Genesis 39: 12, we see Joseph being tempted by Potiphar's wife perseveringly. Joseph did what he knew was best – He FLED! Why did Joseph flee? Couldn't he have stood his ground and resist the temptation? Many of us trust ourselves so much that we think we are so strong and grounded that we will not fall. Youngsters may at times 'stand around' bad company and feel it's difficult to 'flee' due to peer pressure. We may think, we are not doing actually anything wrong, so there is no harm in being around those who do. We think since we are strong in faith, we cannot be tempted. But we read in I Corinthians 1: 12 'Therefore, let him who thinks he stands, take heed lest he fall'. And in 2 Timothy 2:22, we read, 'Flee also youthful lusts; but pursue righteousness, faith, love, peace with those who call on the Lord out of a pure heart'. When we encounter temptation, we must run away or flee from it, as one would run out from a building on fire. If we linger, the 'fire' of temptation will consume us before we realize that it is too late to escape.

**R- Resist the Devil**

When we resist the devil using the word of God, he will flee from us. When the Lord Jesus was tempted by the devil in the wilderness, He was victorious and overcame the temptation by repeatedly quoting the word of God, saying, "It is written, 'Man shall not live by bread alone, but by every word that proceeds from the mouth of God.'" (Matt 4:4), "It is written again, 'You shall not tempt the Lord your God.'" (Matt 4:7), "For it is written, 'You shall worship the Lord your God, and Him only you shall serve.'" (Matt 4:10). God's word is our shield and a double-edged sword against the enemy. In Matthew 4:11, we read that the devil then leaves Jesus and angels ministered to Him. The devil flees when we use

the weapon of God's word.

**P- Pray watchfully**

Jesus told his disciples on the night of the betrayal, 'Watch and pray that ye enter not into temptation' (Matt 26:41). We also see the importance of asking God for help in overcoming temptation, in the Lord's Prayer, in which he taught us to pray, 'Lead us not into temptation but deliver us from evil' (Matt 6:13)

God has not only given us guidelines in overcoming temptation, but has also promised us wonderful rewards if we do. Firstly, we can be rest assured knowing that he doesn't leave us alone to deal with it by ourselves. In Hebrews 2: 18, we see that since Jesus himself has suffered temptation, he is able to succor to us when we are tempted. Secondly, in I Corinthians 1:13, God has promised that he will not suffer us to be tempted above that which we are able to bear; not only so, He will also make a way to escape. Thirdly, he will bless us if we keep away from influences of temptation, the ungodly, sinners and the scornful as we read in Psalm 1:1. And lastly, God has promised the 'Crown of Life' for those who endure temptation (James1:12). What a wonderful and loving God we have! Let us be SHARRP, sharper than the 'pin' of temptation and live our lives faithful to our calling and obedient to God who has loved us and called us His own.

❑

---

*25-ാം പേജിൽ നിന്നും തുടർച്ച (ബാലൻ നടക്കേണ്ടുന്ന)*

**4.** വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകയ്ക്കുന്നു. അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു. (സദൃ. 13:24). വടി ഉപയോഗിച്ച് കുഞ്ഞുങ്ങളെ വളർത്തുന്ന ഏതൊരു രക്ഷകർത്താക്കൾക്കും തന്റെ മക്കളുടെ ഭാവിയെ ഓർത്തു ദുഃഖിക്കേണ്ടി വരികയില്ല. തക്കതായ കാരണങ്ങൾ ഉണ്ടാകുമ്പോൾ മാത്രം മക്കളെ അടിക്കുകയും, അടിക്കുന്നത് എന്തുകൊണ്ടാണ് എന്ന് അവർക്ക് വ്യക്തമായി മനസ്സിലാക്കി കൊടുക്കുകയും, ആ തെറ്റ് ആവർത്തിക്കാതിരിക്കാൻ ഇടയാക്കുകയും വേണം. മക്കളെ ശാസിച്ചമർത്തി വളർത്താതിരുന്നതിന്റെ ഫലമായി തന്നിഷ്ടക്കാരും അഹങ്കാരികളുമായി ദൈവജനത്തിന് ദ്രോഹികളായിമാറുകയും ദൈവകോപത്തിന് പാത്രമായി തീരുകയും ചെയ്ത ഏലി പുരോഹിതന്റെ മക്കളെ ഓർത്തുകൊൾക!

കൗമാരക്കാരെ നിയന്ത്രിക്കാൻ വളരെ ദൈവകൃപ ആവശ്യമാണ്. ആ സമയങ്ങളിൽ മാതാപിതാക്കൾ അവരെ ഓർത്ത് നിരന്തരം പ്രാർത്ഥിക്കണം. വഴി തെറ്റാൻ ഏറ്റവും കൂടുതൽ സാധ്യതയുള്ള പ്രായമാണത്. ഹോർമോൺ വ്യതിയാനങ്ങൾ മൂലം അവരുടെ സ്വഭാവത്തിന് ചില മാറ്റങ്ങൾ സംഭവിക്കുന്നു. ഈ സമയത്തുള്ള അവരുടെ ഈർഷ്യയും കോപവും മനസ്സിലാക്കി അവരോട് ഇടപെടണം. സ്കൂളുകളിൽ നിന്നുള്ള പിരിമുറുക്കവും വീട്ടിൽ നിന്നുള്ള സമ്മർദ്ദവും അവരെ അസ്വസ്ഥതപ്പെടുത്തും. കൂട്ടുകാരോട് കൂടുതൽ അടുക്കുവാനും മാതാപിതാക്കളിൽനിന്ന് ചെറുതായി അകലുന്നതായും കണ്ടുവരുന്നു. ആ സമയങ്ങളിൽ മാതാപിതാക്കൾ അവരോട് കൂടുതൽ സ്നേഹത്തോടെയും സൗഹാർദ്ദത്തോടെയും ഇടപെടേണ്ടതാണ്. എന്തും തുറന്നുപറയാൻ ഉള്ള സ്വാതന്ത്ര്യം അവർക്കുള്ളതായി തോന്നണം. ദൈവത്തോട് പ്രാർത്ഥിച്ചും ദൈവഹിതം തിരിച്ചറിഞ്ഞും തീരുമാനങ്ങൾ എടുക്കാൻ അവരോട് പറഞ്ഞുകൊടുക്കണം. തലമുറകൾ ആത്മിക കാഴ്ചപ്പാടോടെ ദൈവപരിജ്ഞാനത്തിലും വിവേകത്തിലും നടക്കുവാനും ദൈവവഴിവിട്ട് പിന്മാറാതെ സ്വർഗ്ഗീയ ആലോചനയ്ക്കനുസരിച്ച് അവരുടെ ജീവിതം ക്രമപ്പെടുത്തേണ്ടതിനുമായി മാതാപിതാക്കൾ നിരന്തരം പ്രാർത്ഥിക്കേണ്ടതുണ്ട്.

**5.** മക്കൾ യഹോവ നല്കുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും ആകുന്നു (സങ്കീ. 127:3). യഹോവ ദാനമായി നല്കിയ മക്കളെ ദൈവത്തോട് ചേർന്നുനിന്ന് ദൈവഹിതപ്രകാരം വളർത്തുവാൻ കർത്താവ് നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ. ദൈവനാമം മഹത്ത്വപ്പെടുമാറാകട്ടെ.

❑

# സങ്കീർത്തനം 23

**മേരി കുരവയ്ക്കൽ, ഹൂസ്റ്റൺ, യു. എസ്. എ.**



**രീതി : 'വന്ദനം യേശുപരാ'**

യാഹെന്ന ദൈവമവൻ എനിക്കെത്ര നല്ലവനെന്നിടയൻ
യാഹിൽ ഞാനാശ്രയിക്കും മുട്ടുകളില്ലെന്റെ ജീവിതത്തിൽ

പച്ചയാം പുൽപ്പുറത്തിൽ അവൻ എന്നെ സ്വസ്ഥമായ് സൂക്ഷിച്ചിടും
മെച്ചമായ് പോറ്റിടുന്നോൻ ഉറ്റവനെൻ പ്രിയനേശുദേവൻ

എൻ കർത്തനെൻ പ്രാണനെ തണുപ്പിക്കുമായുസ്സിൻ നാൾ മുഴുവൻ
തൻ തിരുനാമത്തിനാൽ മേവും ഞാൻ നീതിയിൻ പാതയതിൽ

കൂരിരുൾ താഴ്‌വരയിൽ അനർത്ഥങ്ങൾ ഏതും ഞാൻ പേടിക്കില്ല
കാരുണ്യ വാരിധിയാം കർത്തനെൻ കാവലുണ്ടാശ്വാസമായ്

ശത്രുക്കൾ മുൻപിലവൻ മേശയെനിക്കായി വിരിച്ചിടുന്നു
തത്രത്തിലെൻ ശിരസ്സിൽ പൂശിടുന്നു സൗരഭ്യമുള്ള തൈലം

നന്മയും കാരുണ്യവും പിന്തുടരുമായുസ്സിൻ കാലമെല്ലാം
നന്മയാം യാഹെന്നവൻ വീട്ടിൽ ഞാനെന്നേക്കും പാർത്തിടുമേ

യാഹെന്ന ദൈവമവൻ എനിക്കെത്ര നല്ലവനെന്നിടയൻ
യാഹിൽ ഞാനാശ്രയിക്കും മുട്ടുകളില്ലെന്റെ ജീവിതത്തിൽ...

## അനുവാചക പ്രതികരണം

Dear Sir,

ക്രൈസ്തവ വനിത ജൂലൈ- ഓഗസ്റ്റ് 2020 ലക്കം വായനക്കാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണീ കുറിപ്പ്.

"മഹാമാരിയുടെ ഈ കാലത്ത് മഹാമാരിയുമായി ബന്ധമുള്ള മൂന്നു ലേഖനങ്ങൾ മാസികയുടെ അവസാനപേജുകളിലേക്ക് മാറ്റിയതിലുള്ള അഭിപ്രായവ്യത്യാസമാണ് ഇവിടെ കുറിക്കുന്നത്. "ആരെഴുതി എന്നതിലല്ല എന്തെഴുതി" എന്നതിനാണ് പ്രസക്തി എന്ന പത്രധർമ്മത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലേഖനങ്ങൾ മാസികയുടെ ആദ്യ പകുതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നാണ് എന്റെ എളിയ അഭിപ്രായം. "കരിപ്പൂർ വിമാനാപകടം" മനോരമയുടെ ഒന്നാം പേജിൽ അല്ലാതെ 8-ാം പേജ് 4-ാം കോളത്തിൽ വായിച്ചാൽ എങ്ങനെയിരിക്കും! ക്രൈസ്തവ വനിതയുടെയും Good News Update ന്റെയും മുൻ ലക്കങ്ങളിൽ വിഷയത്തിന്റെ പ്രാധാന്യം അനുസരിച്ച് പേജുകളിൽ സ്ഥാനം പിടിക്കുന്നതു കണ്ടിട്ടുണ്ട്. That was appreciated

**Bro. A. J. John**, Kozhuvalloor

താങ്കളുടെ നിർദ്ദേശങ്ങൾക്കു നന്ദി. കഴിയുന്നതും വരുംലക്കങ്ങളിൽ താങ്കളുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കുന്നതായിരിക്കും.

**Chief Editor**

# QUEST 74

(ഈ ലക്കം QUEST –74 ലെ ചോദ്യങ്ങൾ മത്തായി എഴുതിയ സുവിശേഷത്തിൽ നിന്നാണ്)

1. യോശിയാവിന്റെ പിതാവിന്റെ പേരെന്ത്?
2. ആരാണ് സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്?
3. ഏതു ദേശത്ത് ചെന്നപ്പോഴാണ് ശവക്കല്ലറയിൽ കിടന്ന രണ്ടു ഭൂതഗ്രസ്തരെ കണ്ടത്?
4. നീ പാതാളംവരെ താണുപോകും എന്നു യേശു പറഞ്ഞ പട്ടണം ഏത്?
5. അത്തിയുടെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ ഏതു കാലം അടുക്കുന്നു എന്നാണ് യേശു പറഞ്ഞത്?
6. യേശു യെരിഹോവിൽ കൂടി കടന്നുപോകുമ്പോൾ എത്ര കുരുടന്മാരെയാണ് സൗഖ്യമാക്കിയത്?
7. യേശു ഗലീലയിലെ പള്ളികളിൽ പ്രസംഗിച്ച വിഷയം ഏത്?
8. ക്ഷമിക്കപ്പെടാത്ത പാപമെന്ത്?
9. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നുമോഷ്ടിക്കാത്തതുമായ സ്ഥലം ഏത്?
10. യെഹൂദ്യയിൽ ഹെരോദാവിനു പകരം വന്ന രാജാവ് ആര്?
11. മണവാളനെ എതിരേല്പ്പാൻ എത്ര കന്യകമാർ ആണ് വിളക്ക് എടുത്ത് പുറപ്പെട്ടത്?
12. നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷിക്കുന്നത് എന്ത് എന്ന് ശിഷ്യന്മാരോട് ആരാണ് ചോദിച്ചത്?
13. നിന്നോടുകൂടെ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല എന്നു പറഞ്ഞ ശിഷ്യൻ ആര്?
14. യേശുവിന്റെ സഹോദരന്മാർ ആരെല്ലാം?
15. പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവ് എന്ന് കർത്താവ് എന്ത് ഉദ്ദേശിച്ചാണ് പറഞ്ഞത്?
16. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആരാണ്?
17. മന്ദിരത്തിലെ തിരശ്ശീല മേൽ തൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയത് എപ്പോൾ?
18. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം യേശുവിന്റെ കല്ലറയിൽ ആദ്യമായി ചെന്നവർ ആരെല്ലാം?
19. നിനക്ക് സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്ന് കുടിൽ ഉണ്ടാക്കാമെന്ന് പറഞ്ഞ ശിഷ്യൻ ആര്?
20. യേശു കടലിന്മേൽ നടന്നത് എത്രാമത്തെ യാമത്തിൽ ആണ്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 74-ന്റെ** ഉത്തരങ്ങൾ റഫറൻസു സഹിതം **2020 ഡിസംബർ 20** നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## QUEST– 73 - ന്റെ ശരി ഉത്തരങ്ങൾ

| | | | |
|---|---|---|---|
| 1. സ്മരണപുസ്തകം | (മലാ. 3:16) | 11. ജീവനും സമാധാനവും | (മലാ. 2:4,5) |
| 2. യെരുശലേം | (സെഖ. 2:4,5) | 12. സൈന്യങ്ങളുടെ യഹോവ | (സെഖ. 13:7) |
| 3. സെരുബ്ബാബേലിനോട് | (ഹഗ്ഗായി 2:23) | 13. ഹഗ്ഗായി | (ഹഗ്ഗായി 1:13) |
| 4. മോവാബ്, അമ്മോന്യർ | (സെഫ. 2:9) | 14. കൂശി | (സെഫ. 1:1) |
| 5. വിഭ്രമരാഗത്തിൽ | (ഹബ. 3:1) | 15. ഹബക്കൂക് | (ഹബ. 2:4) |
| 6. യഹോവയുടെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന് | (മലാ. 3:10) | 16. യരുശലേം പുത്രിയുടെ രാജാവ് | (സെഖ. 9:9) |
| 7. ഹേൻ | (സെഖ. 6:14) | 17. കല്ദയർ | (ഹബ. 1:6) |
| 8. ദാര്യാവേശ് | (ഹഗ്ഗായി 1:1) | 18. യോശുവ | (സെഖ. 3:3) |
| 9. വീരനായി | (സെഫ. 3:17) | 19. ബെരെഖ്യാവ് | (സെഖ. 1:1) |
| 10. ക്രേത്യജാതി | (സെഫ.2:5) | 20. സെഫന്യാവ് | (സെഖ. 6:10) |

Published by Dr. Charles John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891